പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 91 02.07.2010 -ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീമതി .കെ.കെ.ശൈലജ ടീച്ചർ<br>പ്രൊഫസർ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി |
| (എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ ;<br>(ബി) എങ്കിൽ എന്തെല്ലാം പ്രശ്ന ങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുള്ളത്.<br>(സി) ഒന്നാം ക്ലാസ് പ്രവേശന ത്തിനുള്ള പ്രായം 6 വയസ്സാ ക്കുന്നതും 8ാം ക്ലാസുവരെ യു.പി. വിഭാഗമാക്കുന്നതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ)യും<br>(ബി)യും<br>(സി)യും | വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന താഴെ പറയുന്ന കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.<br>1. കേരളത്തിൽ സ്കൂൾ പ്രവേശന പ്രായം 5 വയസ്സാണ്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രവേശന പ്രായം 6 വയസ്സാക്കി മാറ്റേണ്ടിവരും. പ്രവേശന പ്രായം കൂടുന്നത് സാമൂഹികമായി അംഗീകരിക്കപ്പെടേണ്ടതുണ്ട്.<br>അതുപോലെ ഒന്നാം ക്ലാസ്സ് പ്രവേശന പ്രായം 5 വയസ്സ് എന്നത് 6 വയസ്സാക്കുമ്പോൾ സ്കൂൾ സംവിധാനത്തിൽ ഒരു വർഷം കുട്ടികൾ തീരെ കുറയുന്ന അവസ്ഥ സംജാതമായേക്കാം.<br>2. സംസ്ഥാനത്ത് ലോവർ പ്രൈമറി എന്ന് വിവക്ഷിക്കുന്നത് 1 മുതൽ 4 വരെ ക്ലാസുകളെയാണ്. എന്നാൽ ദേശീയ തലത്തിൽ 1 മുതൽ 5 വരെയാണ്. ഈ മാറ്റം ഉണ്ടാക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ.<br>3. ദേശീയ തലത്തിൽ എലിമെന്ററി വിദാഭ്യാസമെന്നത് 8ാം ക്ലാസ് വരെയാണ്. കേരളത്തിൽ എട്ടാം ക്ലാസ് ഹൈസ്കൂളിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ എട്ടാം ക്ലാസ് അപ്പർ പ്രൈമറിയുടെ ഭാഗമാക്കു |

മ്പോൾ ഉളവാകുന്ന ഘടനാപരമായ പ്രശ്നങ്ങൾ.

4. ജനന സർട്ടിഫിക്കറ്റ് സ്കൂൾ പ്രവേശന സമയത്ത് ആവശ്യമില്ലായെന്നത് ദേശീയ തലത്തിൽ പ്രസക്തമാകാം. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ജനന സർട്ടിഫിക്കറ്റ് സ്കൂൾ പ്രവേശന സമയത്ത് ഹാജരാക്കുന്നത് സാർവ്വത്രികമായിട്ടുണ്ട്. ശരിയായ ജനന തീയതിയില്ലാതെ സകൂളിൽ ചേർക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള നമ്മുടെ ശ്രമങ്ങൾക്ക് ഈ തീരുമാനം ദോഷകരമാകാം.

5. സംസ്ഥാനത്ത് ഒരു ക്ലാസ് ഡിവിഷന് ഒരധ്യാപികയുണ്ട്. നിയമത്തിൽ പറയുന്നത് 60 കുട്ടികൾ ഉണ്ടെങ്കിൽ രണ്ട് അധ്യാപിക, 90 പേരുണ്ടെങ്കിൽ 3 അധ്യാപിക എന്നിങ്ങനെയാണ്. കുട്ടികളുടെ എണ്ണം നോക്കാതെ ക്ലാസ് ഡിവിഷനുകളുടെ എണ്ണം നോക്കി അധ്യാപകരെ കണക്കാക്കുന്ന നമ്മുടെ കെ.ഇ.ആർ. വ്യവസ്ഥയിൽ നിന്നും തികച്ചും ഭിന്നമാണ് ഈ നിർദ്ദേശം.

6. ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് 25 % സീറ്റ് റിസർവേഷൻ അൺ എയ്ഡഡ് വിദ്യാലങ്ങളിൽ അനുവദിക്ക ണമെന്നതും പൊതുവിദ്യാഭ്യാസത്തെ ബാധിച്ചേക്കാം. കേരളീയ സമൂഹം എതാണ്ട് എല്ലാ കുട്ടികൾക്കും പഠിക്കാനാവശ്യമായ സാമൂഹിക നിക്ഷേപം ഇതിനകംതന്നെ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി അതിശക്തമായ പൊതുവിദ്യാലയ ശൃഖല സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. അവിടങ്ങളിലെല്ലാം കുട്ടികളെ പഠിപ്പിക്കാൻ അധ്യാപകരെയും നിയമിച്ചിട്ടുണ്ട്. ഈയൊരു അവസ്ഥയിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ചേരാൻ അനുവദിക്കുന്നതും

അവരുടെ ചെലവ് സർക്കാർ വഹിക്കുന്നതും വിദ്യാഭ്യാസത്തി നായുള്ള സർക്കാ രിന്റെ ചെലവ് ഇരട്ടിയായി വർദ്ധിപ്പിക്കും. ഇതുണ്ടാ ക്കുന്ന സാമ്പത്തിക പ്രശ്നം.

7. പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത.

8. വിദ്യാഭ്യാസ രംഗത്ത് മുൻകാലങ്ങളിൽ വലിയ തോതിൽ നിക്ഷേപം നടത്തിയതിന്റെ ഭാഗമായി കേരളീയ വിദ്യാഭ്യാസ രംഗത്തുണ്ടായ വളർച്ച പരിഗണിച്ച് വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ചെലവ് കേന്ദ്ര സർക്കാർ വഹിക്കേണ്ടുന്നതിന്റെ ആവശ്യകതയും കേന്ദ്ര സർക്കാ രിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ സന്ദർശിച്ച ദേശീയ പാർട്ടി പ്രതിനിധി സംഘമാണ് ഇത് സംബന്ധിച്ച ആവശ്യങ്ങൾ ഉന്ന യിച്ചത്.

| | | | |
|---|---|---|---|
| (ഡി) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന് കേന്ദ്രസഹായം ലഭ്യമാകുമോ എന്ന് വെളിപ്പെടുത്തുമോ; | (ഡി) | കേന്ദ്ര സഹായം ലഭ്യമാകും എന്നാണ് മസ്സിലാക്കുന്നത്. എന്നാണ് മനസ്സിലാകുന്നത്. ഇത് എത്രയെന്ന വിവരം ലഭ്യമായിട്ടില്ല. |
| (ഇ) | അടുത്ത വർഷം മുതൽ പ്രസ്തുത നിയമം നടപ്പാക്കുന്നതിന് കാലേക്കൂട്ടി പദ്ധതി ആവിഷ്കരിക്കുമോ? | (ഇ) | ഈ വിഷയത്തിൽ പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്ത്വത്തിലുള്ള സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് നിയമം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 92

2/7/2010- ൽ
മറുപടിയ്ക്ക്

## 2009-10 വർഷത്തിൽ സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | | ശ്രീ. എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) | 2009-10 വർഷത്തിൽ സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് സർക്കാരുമായി കരാറിലേർപ്പെടാത്ത ഏതെങ്കിലും സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടായിരുന്നുവോ; എങ്കിൽ അവ ഏതെല്ലാം ; | എ) | ഉണ്ടായിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ 50% സീറ്റുകളിൽ സർക്കാർ ലിസ്റ്റിൽ നിന്നു തന്നെയാണോ പ്രവേശനം നൽകിയത് ; | (ബി) | അല്ല |
| സി) | പ്രസ്തുത സ്ഥാപനങ്ങളിലെ ഫീസ് നിരക്ക് പി.എ മുഹമ്മദ് കമ്മിറ്റി നിർദ്ദേശപ്രകാരം തന്നെയാണോ നിശ്ചയിച്ചിരുന്നത്: | (സി) യും (ഡി) യും | പ്രസ്തുത സ്ഥാപനങ്ങൾക്ക് കൂടി ബാധകമായ ഒരു ഫീ ഘടന ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി നിശ്ചയിക്കുകയുണ്ടായി. എന്നാൽ ഇതിനെതിരെ മാനേജുമെന്റുകൾ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും നിശ്ചയിച്ച ഫീസ് പുനർനിർണ്ണയിക്കണമെന്ന് ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയോട് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ ഉയർന്ന ഒരു ഫീ ഘടനയാണ് കോളേജുകൾ സ്വയം നിശ്ചയിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. |
| ഡി) | ഇല്ലെങ്കിൽ സർക്കാർ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# List of Colleges NOT- Co-operated with Government

**Engineering**

| Sl | Code | Institution | Total Seat |
|---|---|---|---|
| 1 | AJC | Amal Jyothi Engineering College, Kottayam | 420 |
| 2 | MCE | Marian Engineering College, Kazhakuttom, Tvpm | 360 |
| 3 | RET | Rajagiri School of Engg. & Tech., Kakkanad, Ernakulam | 300 |
| 4 | VJC | Viswa Jyothi College of Engg.& Tech., Vazhakkulam, EKM | 300 |
| 5 | JEC | Jyothi Engineering College , Cheruthuruthy, Thrissur | 360 |
| 6 | LMC | Lourdes Matha College of Science & Tech., Kuttichal, Tvpm | 300 |
| 7 | MBT | Mar Baselios College of Engg. & Tech. Nalanchira, Trivandurm | 360 |
| 8 | SHR | Sahrdaya College of Engg. & Tech., Kodakara, Thrissur | 240 |
| 9 | SJC | St.Joseph's College of Engg. & Tech., Palai | 300 |
| 10 | VML | Vimal Jyothi Engineering College, Chemperi, Kannur | 300 |

**Total 3240**

**MBBS**

| Sl | Code | Institution | Total Seat |
|---|---|---|---|
| 1 | AMC | Amala Institute of Medical Sciences, Thrissur | 100 |
| 2 | JMC | Jubilee Mission Medical College & Research Centre, Thrissur | 100 |
| 3 | MMC | Malankara Orthodox Syrian Church Medical College, Kolencherry, Ernakulam | 100 |
| 4 | PMC | Pushpagiri Institute of Medical Science & Research Centre, Thiruvalla | 100 |

**Total 400**

**BDS**

1. PMD Pushpagiri College of Dental Science, Thiruvalla

Section Officer

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93 — 02/07/2010 - ൽ മറുപടിക്ക്

### പ്ലസ് വൺ കോഴ്സിലേക്കുള്ള പ്രവേശന നടപടികളുടെപുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. പി.ടി.എ റഹിം<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ പ്ലസ് വൺ കോഴ് സിലേക്കുള്ള പ്രവേശന നടപടികൾ ഏത് ഘട്ടത്തിലാണ് ; | (എ) ഇക്കൊല്ലത്തെ പ്രോസ്പെക്ടസ്സിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം ആദ്യ ഘട്ട അലോട്ട്മെന്റുകൾ ജൂൺ 27-ന് പൂർത്തിയാക്കി ജൂൺ 30 - ന് തന്നെ ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭി ച്ചു. ഈ വർഷമാണ് പ്ലസ് 1-ന് ഏറ്റവും നേരത്തെ ക്ലാസ്സുകൾ ആരംഭിച്ച വർഷം. രണ്ടാമത്തെ അലോട്ട്മെന്റിന്റെ പ്രവേശനം ജൂൺ 18 -ന് പൂർത്തിയായപ്പോൾ ആകെ ലഭ്യമായ സീറ്റുകളുടെ 80%ത്തിലും വിദ്യാർത്ഥികൾ പ്രവേശനം നേടി ക്കഴിഞ്ഞു. |
| (ബി) ഈ വർഷം എത്ര സ്കൂളുകളിൽ പുതുതായി പ്ലസ് വൺ കോഴ്സു കൾ തുടങ്ങാൻ അനുമതി നൽകി യിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) നിലവിൽ അനുമതി നൽകിയിട്ടില്ല, എന്നാൽ പ്ലസ് വൺ സീറ്റുകളുടെ കുറവ് അനുഭവപ്പെടുന്ന തൃശ്ശൂർ ഉൾപ്പെടെയുള്ള മലബാർ മേഖല യിലെ 7 ജില്ലകളിലും, ഇടുക്കി തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലയിലും പുതിയ പ്ലസ് വൺ കോഴ്സുകളും സ്കൂളുകളും അനുവദിക്കാനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിവിധ ഹയർ സെക്കന്ററി സ്കൂളുകളിലായി ഈ വർഷം എത്ര സീറ്റുകൾ കൂടുതലായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; ഇതിൽ സർക്കാർ സ്കൂളുകളിൽ എത്ര സീറ്റുകളാണ് കൂട്ടിയിട്ടുള്ളത് ; | (സി) | സംസ്ഥാനത്തെ ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ മുൻ വർഷത്തെപ്പോലെ ഈ വർഷവും 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. എയ്ഡഡ്/അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും മുൻ വർഷത്തേത്പോലെ, മാനേജർമാർ ആവശ്യപ്പെടുന്ന പക്ഷം 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയ എല്ലാ കുട്ടികൾക്കും പ്ലസ് വൺ കോഴ്സുകളിൽ പ്രവേശനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനായി ഹയർ സെക്കന്ററിയിൽ ഗവൺമെന്റ് / എയ്ഡഡ് / അൺ എയ്ഡഡ് മേഖലകളിലായി 3,27,555 സീറ്റുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതു കൂടാതെ പത്താം തരം പരീക്ഷയിൽ തുടർ പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ, ഐ.ടി.ഐ, പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളിലും പ്രവേശനം ലഭ്യമാണ്. റഗുലർ സ്കൂൾ വഴി ഹയർ സെക്കന്ററി പ്രവേശനം ലഭിക്കാത്തവർക്ക് ഓപ്പൺ സ്കൂൾ മുഖേന ഉപരിപഠനത്തിന് അവസരം ഉണ്ട്. |

*സെക്ഷൻ ഓഫീസർ.*

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.94

02.07.2010-ൽ മറുപടിയ്ക്ക്

## മൂന്നാറിലെ കണ്ണൻ ദേവൻ ഹിൽസിൽ സമഗ്ര സർവ്വേ നടത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ്ജ് മേഴ്സിയർ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(ബഹു: റവന്യൂ വകുപ്പു മന്ത്രി) |
| (എ) മൂന്നാറിലെ കണ്ണൻദേവൻ ഹിൽസിൽ സമഗ്ര സർവ്വേ നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായോയെന്ന് അറിയിക്കുമോ; | (എ) പൂർത്തിയായിട്ടില്ല. 16.04.74-ൽ കെ.ഡി.എച്ച്. വില്ലേജിന്റെ റീ സർവ്വേ ആരംഭിച്ചു. 09.10.1992-ൽ സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തിയെങ്കിലും 12.01.1996-ലെ സർക്കാർ നിർദ്ദേശ പ്രകാരം അത് റദ്ദ് ചെയ്തിരുന്നു. 20.09.2006-ലെ ബഹു: ഹൈക്കോടതി വിധിയുടെ ഒ.പി.നം.29673/01 മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.ഡി.എച്ച്. വില്ലേജ് റീ സർവ്വേ ചെയ്യാനായി നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയെ ചുമതലപ്പെടുത്തി. മേൽപ്പടി ഏജൻസി 18.07.2007-ൽ സർക്കാരിന് റിപ്പോർട്ട് നൽകി. ഭൂവിനിയോഗത്തിൽ മാറ്റം വന്നതിനാൽ സർവ്വേ പൂർത്തിയാക്കാൻ ഫീൽഡ്തല സർവ്വേ നടത്തണമെന്ന ടി ഏജൻസിയുടെ റിപ്പോർട്ട് പ്രകാരം ഫീൽഡ്തല സർവ്വേ നടത്തുവാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. കെ.ഡി.എച്ച്. വില്ലേജിൽ ആകെയുള്ള 29 ബ്ലോക്കുകളുടെയും റീ സർവ്വേ ഫീൽഡ് ജോലികൾ പൂർത്തിയാക്കുകയും 27 ബ്ലോക്കുകളുടേത് 9(2) നോട്ടീസ് 14.12.2007-നും 2 ബ്ലോക്കുകളുടേത് 25.02.2008-നും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് ടാറ്റാ ടീ കമ്പനിയും കെ.ഡി.എച്ച്. പ്ലാന്റേഷൻ കമ്പനിയും ചേർന്ന് ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 1235/08-ാം നമ്പർ ഹർജിയിൽ സ്റ്റേ ഉത്തരവ് നിലവിലുള്ളതും, അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിച്ച നിയമ ഉപദേശത്തിൽ സർവ്വേ അതിരടയാള നിയമം Sec (13) പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് Stay vacate ചെയ്യാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. Sec (13) നോട്ടിഫിക്കേഷൻ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഇടുക്കി സർവ്വേ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി കെ.ഡി.എച്ച്. വില്ലേജിൽ സയൻസ് & ടെക്നോളജി വകുപ്പിനു കീഴിലുള്ള CESS മുഖേന Geo-spatial സർവ്വേയും നടത്തിവരുന്നു. |

| | |
|---|---|
| (ബി)ഇതിനായി സർക്കാർ നിയോഗിച്ച വിജിലൻസ് ഓഫീസർ ആദ്യഘട്ട സർവ്വേ നടത്തിയിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | (ബി)കെ.ഡി.എച്ച്. വില്ലേജിൽ സമഗ്ര സർവ്വേ നടത്തുന്നതിനായി വിജിലൻസ് ഓഫീസറെ സർക്കാർ നിയോഗിച്ചിട്ടില്ല. |
| (സി)ഇതു സംബന്ധിച്ച് അദ്ദേഹം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | <u>(സി), (ഡി) & (ഇ):</u> ബാധകമല്ല. |
| (ഡി) കയ്യേറ്റ ഭൂമികളുടെ ശരിയായ രേഖകൾ ലഭ്യമാകാത്തത് ഈ അന്വേഷണത്തിന് തടസ്സമുണ്ടാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (ഇ)ഇവിടത്തെ കയ്യേറ്റ ഭൂമികളുടെ ശരിയായ രേഖകൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.95 02.07.2010 -ൽ മറുപടിക്ക്

## ഗവൺമെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പ്രേംനാഥ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.കെ.പി.മോഹനൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 2009-2010 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2010-11 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ കുറവ് എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) 2010 -11 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് 34373 കുട്ടികളുടെ കുറവ് ഉണ്ടായി. |
| (ബി) സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ? | (ബി) പ്രവേശനോത്സവം, സ്കോളർഷിപ്പുകൾ, സൗജന്യ പാഠപുസ്തക വിതരണം, ഉച്ചഭക്ഷണ പരിപാടികൾ, ലളിതവും ആകർഷകവുമായ മൂല്യനിർണ്ണയ രീതികൾ, പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാനുള്ള നടപടികൾ, വിദ്യാഭ്യാസഗുണനിലവാരം മെച്ചപ്പെടുത്താനുള്ള നടപടികൾ, തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് തടയുന്നതിന് ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
15-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 96 2-7-2010-ലെ മറുപടിക്ക്

കെ.എസ്.ആർ. ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. എ.എം. ആരിഫ്.
ശ്രീ. ടി.പി. കുഞ്ഞുണ്ണി
ശ്രീമതി. കെ.കെ.ലതിക
ശ്രീ. കെ.സി. രാജഗോപാലൻ

ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചുവടെ വിശദമാക്കിയ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രതിവർഷം 1000 ബസ്സുകൾ പുറത്തിറക്കി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കി നഷ്ടം കുറച്ചു കൊണ്ട് വരാനുള്ള ദീർഘ വീക്ഷണത്തോടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2006 ജൂൺ മാസം പ്രതിദിനം 11.52 ലക്ഷം കി.മീറ്റർ സർവ്വീസ് നടത്തിയിരുന്നത് ഇപ്പോൾ പ്രതിദിനം 15 ലക്ഷത്തോളം കി.മീറ്ററായി വർദ്ധിച്ചു. 2006 ജൂണിൽ 2.27 കോടി രൂപയാണ് പ്രതിദിനം വരുമാനം ലഭിച്ചിരുന്നത്. 2010 മെയ് മാസത്തിൽ പ്രതിദിനം 3.61 കോടി രൂപയായി വർദ്ധിച്ചു. കർണ്ണാടക, തമിഴ് നാട്, അന്തർ സംസ്ഥാന സർവീസുകളും, ജനപ്രിയ മലബാർ സർവ്വീസുകളുമുൾപ്പടെ 1039 സർവീസുകൾ അധികമായി ഓടിച്ചും നിലവിലുള്ള ഷെഡ്യൂളുകൾ പുന : ക്രമീകരിച്ചും തിരുവനന്തപുരം സിറ്റിയിൽ സമാന്തര സർവീസുകളെ നിയന്ത്രിച്ചുമാണ് ഈ നേട്ടം കൈവരിക്കാൻ ആയത്. |

| | | | |
|---|---|---|---|
| | | | ഈ കാലയളവിൽ 19000- ത്തോളം പേർക്ക് പി.എസ്.സി. എംപ്ളോയ്മെന്റ് ആശ്രിത നിയമനം വഴി പുതിയതായി നിയമനവും നൽകി. ഇതിൽ 14500-ൽ അധികം നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തിയത്.. ജീവനക്കാരെയും ട്രേഡ് യൂണിയനുകളേയും വിശ്വാസത്തിലെടുത്തു പ്രവർത്തിച്ചതു മൂലമാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്.<br><br>സുരക്ഷിതവും, സുഖകരവും,. വിശ്വസനീയവുമായ യാത്ര-മിതമായ നിരക്കിൽ ഉറപ്പാക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി കൊണ്ടിരിക്കുന്നത്. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാനും സേവനം വിപുലീകരിക്കാനും തിരുവനന്തപുരം നഗരത്തിലെ യാത്രാ സൗകര്യം വർദ്ധിപ്പിക്കാനുമായി 80 പുതിയ അനന്തപുരി ഫാസ്റ്റ് ബസ്സുകൾ 2009 ജനുവരി 31 - ാം തിയതിക്കു ശേഷം ആരംഭിച്ചു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചു.<br><br>വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കൺസഷൻ ടിക്കറ്റ് ദുരുപയോഗം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന വരുമാന ചോർച്ച തടയുന്നതിലേക്കായി കൺസഷൻ ടിക്കറ്റുകളിൽ ഫോട്ടോ പതിക്കുന്ന രീതി ഏർപ്പെടുത്തി. ആയതിലൂടെ കൺസഷൻ ടിക്കറ്റ് വിദ്യാർത്ഥികൾ തന്നെ ഉപയോഗിക്കുന്നു വെന്ന് ഉറപ്പാക്കാൻ കഴിഞ്ഞു. മാത്രമല്ല വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡിന് വേണ്ടി കെ.എസ്.ആർ.ടി.സി ഓഫീസിൽ വരേണ്ട ആവശ്യം ഇല്ലാതായി. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം , |

| | | | |
|---|---|---|---|
| | | | എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 5 മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. ദീർഘ ദൂര സർവ്വീസുകൾക്ക് ഓൺ ലൈൻ റിസർവേഷൻ ആരംഭിച്ചു. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. അതതു പ്രദേശത്തെ എം.എൽ.എ.മാരെ പങ്കെടുപ്പിച്ചു കൊണ്ട് പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടികൾ സ്വീകരിച്ചു. സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് ആരംഭിച്ചു. പുതിയതായി വന്ന എല്ലാ ഡ്രൈവർമാർക്കും ട്രെയിനിംഗ് നൽകി. എല്ലാ കണ്ടക്ടർമാർക്കും ഒരു ദിവസത്തെ ട്രെയിനിംഗ് നൽകി. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീൻ നൽകി കഴിഞ്ഞു. ദീർഘ ദൂര സർവ്വീസിനും , അന്തർ സംസ്ഥാന ബസ് സർവീസിനുമായി 20 എ.സി.എയർ ബസ്.30 സൂപ്പർ ഡീലക്സ്., 3 വോൾവോ എന്നിവ നിരത്തിലിറക്കി. സർവീസുകൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന്റെ 5 വർക്ക് ഷോപ്പുകളും പൂർണ്ണമായി ഉപയോഗിച്ചു കൊണ്ട് ബസ് ബോഡി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇതു വരെ 2139 ബസ്സുകൾ പുതുതായി നിരത്തിലിറക്കി. സ്ഥിരം യാത്രക്കാർക്ക് കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് പരീക്ഷണാടിസ്ഥാനത്തിൽ നൽകുന്നതിന് തീരുമാനിച്ചു. 1.2.2010 മുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ ഇൻസന്റീവ് സ്കീം കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നൽകിത്തുടങ്ങി.<br><br>കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് കാര്യക്ഷമമാക്കി. ഡ്രൈവർമാർക്ക് ഇതിനായി |

| | | | |
|---|---|---|---|
| | | | പ്രത്യകം പരിശീലനം നൽകി വരുന്നുണ്ട്. 2005 ൽ കെ.എം.പി.എൽ. 3.84 ആയിരുന്നത് ഇപ്പോൾ 4.27 ആയി വർദ്ധിച്ചിട്ടുണ്ട്.<br><br>അധികവേഗതമൂലമുള്ള അപകടം ഒഴിവാക്കുന്നതിനായി ബസ്സുകളിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുകയും, എല്ലാ ഡ്രൈവർമാർക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനും അപകടം മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2005 - ൽ 1 ലക്ഷം കി.മീ.ഓടുമ്പോൾ 0.36 അപകടങ്ങൾ ഉണ്ടായിരുന്നത്, അപകടങ്ങൾ ശരിയായി അപഗ്രഥിച്ച് നടപടിയെടുത്ത് അപകടനിരക്ക് ദേശീയ ശരാശരിയേക്കാൾ കുറച്ച് 0.18 എന്ന നിലയിൽ എത്തിക്കാൻ കഴിഞ്ഞു. തമിഴ് നാട്ടിൽ ഇത് 0.26 ആണ്. കേരളത്തിൽ അപകടനിരക്ക് അഖിലേന്ത്യ നിലവാരത്തിന്റെ മൂന്നിരട്ടിയോളം ഉള്ള സമയത്താണ് കെ.എസ്.ആർ.ടി.സി യുടെ അപകടനിരക്ക് അഖിലേന്ത്യ ശരാശരിയിലും താഴെ എത്തിക്കാൻ കഴിഞ്ഞത്. അപകടം പറ്റിയ യാത്രക്കാർക്ക് ആനുകൂല്യം താമസംവിനാ ലഭ്യമാക്കാൻ ബസ്സുകൾ ഇൻഷ്വർ ചെയ്തു. പുതിയ ബസ്സുകളും ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ ഉയർന്ന ക്ലാസ് ബസ്സുകളും ഇൻഷ്വർ ചെയ്തിട്ടുണ്ട്.<br><br>ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽ നിന്നും മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് അഞ്ഞൂറ് (500) രൂപവരെ ഫൈൻ ഈടാക്കികൊണ്ടിരിക്കുകയാണ്. ഇതുവഴി ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരുടെ എണ്ണം ഗണ്യമായി |

| | | | |
|---|---|---|---|
| | | | കുറയ്ക്കുവാൻ കഴിഞ്ഞു. മാർച്ചു 2008 - ന് ശേഷം ഏപ്രിൽ 2010 വരെ 14,07,500/- രൂപ സർക്കാരിലേക്ക് അടയ്ക്കുകയുണ്ടായി.<br><br>മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നത് വഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജീവനക്കാരെ വിശ്വാസത്തിൽ എടുക്കുന്നതിന് 28.02.2002 കാലാവധി അവസാനിച്ച ശമ്പള പരിഷ്കരണ കരാർ അംഗീകൃത ട്രേഡ് യൂണിയനുമായി ചർച്ച ചെയ്തു 28.11.2008 - ൽ അംഗീകരിച്ചു 01.03.09 മുതൽ നടപ്പിലാക്കി.<br><br>ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും അംഗികൃത ട്രേഡു യൂണിയനുകളുമായി ചർച്ച ചെയ്ത് അംഗീകരിച്ച് പുതുക്കിയ മാന്വവൽ ഇറക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ പ്രൊഡക്ടിവിറ്റി 15 % മുതൽ 20 % വരെ വർദ്ധിപ്പിച്ച് കാര്യക്ഷമത കൂട്ടാൻ നടപടികൾ എടുത്തു.<br><br>പ്രതിദിനം 34 മുതൽ 36 ലക്ഷത്തോളം യാത്രക്കാർക്ക് സുരക്ഷിതമായി ഗതാഗത സൗകര്യം നൽകി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാൻ ദീർഘ വീക്ഷണത്തോടുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2005 - ൽ 13% സംഭാവന മാത്രം കെ.എസ്.ആർ.ടി.സി ക്കു റോഡ് ഗതാഗത രംഗത്ത് ഉണ്ടായിരുന്നത് ഇപ്പോൾ 27% ത്തോളമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>യാത്രക്കാരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ എല്ലാ ബസ് സ്റ്റേഷനുകളിലും ആവശ്യമായ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ബസ് സ്റ്റേഷൻ യാർഡും സമയബന്ധിതമായി ടാർ ചെയ്യാനോ, കോൺക്രീറ്റ് ചെയ്യാനോ നടപടി ആയിട്ടുണ്ട്. എല്ലാ പ്രധാന സ്റ്റേഷനുകളിലും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൽ അങ്കമാലി യിൽ പൈലറ്റ് പ്രോജക്ടായി പണി ആരംഭിച്ചത് അന്തിമഘട്ടത്തിലാണ്. കോഴിക്കോട് പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. തിരുവനന്തപുരത്ത് പണി ആരംഭിച്ചു തുടങ്ങി. റെന്റ് ഡെപ്പോസിറ്റ് സ്കീമിൽ കാസർഗോഡ്പണി പൂർത്തീകരിക്കാറായി. കാട്ടാക്കട യിൽ പണി പുരോഗമിക്കുന്നു. ഈ സ്കീമിൽ കൊട്ടാരക്കരയിൽ പുലമൺ പ്ളാസയുടെ പണി പൂർത്തീകരിച്ചു. പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 62 ലക്ഷം രൂപ ഉപയോഗിച്ചു കിളിമാനൂരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.<br><br>കെ.എസ്.ആർ.ടി.സി സർക്കാരിന് വിവിധ ഇനങ്ങളിലായിട്ട് നൽകുവാനുണ്ടായിരുന്ന 31.03.2008 വരെയുള്ള കുടിശ്ശികയിൽ സർക്കാർ ലോൺ ഇനത്തിൽ ഉണ്ടായിരുന്ന 250,38,34,358 രൂപ ഇക്വിറ്റി ക്യാപ്പിറ്റലായി കൺവർട്ട് ചെയ്തു ടി ലോണിന്റെ 31.03.2008 വരെയുള്ള പലിശയും പിഴ പലിശ യിനത്തിലെ 197,39,48,023 രൂപയും സർക്കാരിന് മോട്ടോർ വെഹിക്കിൾ ടാക്സ് ഇനത്തിൽ നൽകുവാനുണ്ടായിരുന്ന 622.83 കോടി രൂപയും എഴുതിത്തള്ളി. ഇത് മൊത്തം 1070,60,82,381 രൂപയാണ്. 1965 – ന് ശേഷം 2008 വരെ കോർപ്പറേഷന്റെ കൈവശമുള്ള 410 ഏക്കർ |

| | | | |
|---|---|---|---|
| | | | സ്ഥലത്തിൽ 6 ഏക്കറിന് മാത്രമാണ് പട്ടയമുണ്ടായിരുന്നത്. 2008 - ൽ 46 ഏക്കറിന് കൂടി പട്ടയം ശരിയാക്കി. കെ.എസ്.ആർ.ടി.സി എല്ലാ ഡിപ്പോകളിലും അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുവാനും യാർഡ് കോൺക്രീറ്റു ചെയ്യുവാനും കഴിഞ്ഞു. മെച്ചപ്പെട്ട ടയർ മെറ്റീരിയൽസ് വാങ്ങിയും സ്പെയർ പാർട്ട്സുകൾ വാങ്ങിയും ഒരു കിലോമീറ്റർ ഓപ്പറേറ്റു ചെയ്യുവാൻ ചിലവായിരുന്ന തുക ഗണ്യമായ കുറയ്ക്കുവാൻ കഴിഞ്ഞു. വർഷങ്ങളായി വകമാറ്റി ചിലവാക്കിയിരുന്ന പി.എഫ് തുക പി.എഫ് ട്രസ്റ്റിൽ നിക്ഷേപിക്കുകയും ലോൺ തുക കൃത്യമായി വിതരണം ചെയ്യുവാനും ഇപ്പോൾ കഴിയുന്നുണ്ട്. ഓഡിറ്റ് ജോലികൾ നിർത്തിവച്ചിരുന്നത് പുനർജീവിപ്പിച്ചു 2004-05 മുതൽ 2007-08 വരെ ഉള്ള കണക്കുകൾ തയ്യാറാക്കി കഴിഞ്ഞു.<br><br>കെ.എസ്.ആർ.ടി.സി ഇന്ത്യൻ ഓയിൽ കമ്പനികൾക്ക് ഡീസൽ വാങ്ങിയയിനത്തിൽ നൽകുവാനുണ്ടായിരുന്ന 2006 മെയ് - യിലെ കുടിശ്ശികയായ 133.29 കോടി രൂപയിൽ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ 125 കോടി രൂപയും അടച്ചു തീർത്തു. കോർപ്പറേഷൻ ഫണ്ടിൽ നിന്നും തുക നൽകി 2006 മെയിൽ ഉണ്ടായിരുന്ന 5.78 കോടി രൂപ ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. |

| | | | |
|---|---|---|---|
| (ബി) | കോർപ്പറേഷൻ ഇപ്പോൾ ഒരു ദിവസം എത്ര കിലോമീറ്റർ സർവീസ് നടത്തുന്നു ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്ഥിതി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി പ്രതിദിനം 15 ലക്ഷത്തോളം കിലോമീറ്റർ ദൂരം സർവ്വീസ് നടത്തുന്നുണ്ട്. 2006 ജൂൺ മാസം 11.52 ലക്ഷം കിലോമീറ്ററാണ് പ്രതിദിനം സർവ്വീസ് നടത്തിയത്. പ്രതിദിനം 3.48 ലക്ഷത്തോളം കിലോമീറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | കോർപ്പറേഷന്റെ പ്രവർത്തനം ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) & (ഡി) | ഉത്തരം 'എ' യിൽ വിശദീകരിച്ചിട്ടുണ്ട്. |
| (ഡി) | സർവീസിന്റെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | പുതുതായി എത്ര സബ് ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ചുഎന്നു വെളിപ്പെടുത്തുമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം തലശ്ശേരി സബ് ഡിപ്പോയും പിറവം ഓപ്പറേറ്റിംഗ് സെന്ററും തുടങ്ങിയിട്ടുണ്ട്. ആര്യങ്കാവ് ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങിയെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ നിർത്തിവയ്ക്കുകയുണ്ടായി |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *97 02.07.2010 ൽ മറുപടിക്ക്

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്.<br>ശ്രീ. കെ.റ്റി. ജലീൽ.<br>ശ്രീ. അൽഫോൺസ് കണ്ണന്താനം.<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ. | എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ ഭാവി വളർച്ചയ്ക്ക് അനുഗുണമായി ഒരു പുതിയ ബഹുനില മന്ദിരം പണിയാനുള്ള നടപടിയ്ക്ക് തുടക്കം കുറിച്ചു. വൈജ്ഞാനിക ഗ്രന്ഥങ്ങൾ ആവശ്യക്കാരിലേക്ക് എത്തിക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരം നഗരത്തിൽ 'സംസ്കാര' എന്ന പേരിൽ ഒരു പുസ്തകശാല തുറന്നു പ്രവർത്തിക്കുന്നു. |
| ബി) വിജ്ഞാനകോശത്തിൻെറ പ്രസിദ്ധീകരണം പൂർത്തീകരിച്ചിട്ടുണ്ടോ; | ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാനകോശം പ്രസിദ്ധീകരിക്കുന്നില്ല. |
| സി) ഏതെല്ലാം വിഭാഗത്തിലുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിനാണ് ഇൻസ്റ്റിറ്റ്യൂട്ട് മുൻഗണന നൽകുന്നത്; അന്താരാഷ്ട്ര നിലവാരമുള്ള പുസ്തകങ്ങളുടെ പരിഭാഷ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) പാഠപുസ്തകങ്ങൾ, നിഘണ്ടുക്കൾ, ശബ്ദകോശങ്ങൾ, ശാസ്ത്ര സാങ്കേതിക പുസ്തകങ്ങൾ തുടങ്ങി മികച്ച വൈജ്ഞാനിക ഗ്രന്ഥങ്ങൾ രചിച്ചും വിവർത്തനം ചെയ്തും പ്രസിദ്ധീകരിക്കുന്നതിനാണ് ഇൻസ്റ്റിറ്റ്യൂട്ട് മുൻഗണന നൽകുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ ജനപ്രിയമാക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുമോ; | ഡി) | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ ജനപ്രിയമാക്കുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലുംപെട്ട നിരവധി കേന്ദ്രങ്ങളിൽ പുസ്തക പ്രദർശനവും വിൽപ്പനയും നടത്തി വരുന്നു. പുസ്തക വിതരണവും വിൽപ്പനയും വർദ്ധിപ്പിക്കുന്നതിന് സഞ്ചരിക്കുന്ന വിൽപ്പന വിഭാഗം ആരംഭിച്ചു. ഐ.ടി. മിഷൻെറ സാമ്പത്തിക സഹകരണത്തോടുകൂടി സർവ്വകലാശാല കാമ്പസുകളിൽ മലയാള ഭാഷാ കമ്പ്യൂട്ടിങ്ങുമായി ബന്ധപ്പെട്ട് 4 ക്യാമ്പുകൾ സംഘടിപ്പിച്ചു. കേന്ദ്ര സർക്കാരിൻെറ സി.എസ്.ടി.ടി.യുടെ ഫണ്ട് ഉപയോഗിച്ച് എട്ട് വിഷയങ്ങളിൽ ത്രിഭാഷാപദകോശ നിർമ്മാണം പൂർത്തിയായി. ഭാഷാ, സാഹിത്യം, സംസ്കാരം എന്നിവയെ പ്രോത്സാഹിപ്പിക്കാൻ ആദ്യമായി അവാർഡുകൾ ഏർപ്പെടുത്തി എട്ട് പേർക്ക് വീതം മൂന്ന് വർഷമായി അവാർഡുകൾ നൽകി വരുന്നു. സെമിനാറുകൾ, മലയാള ഭാഷാ കമ്പ്യൂട്ടിംഗ്, വിവർത്തന ക്യാമ്പുകൾ മുതലായവ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു. ശാസ്ത്ര ഗവേഷണ ജേർണൽ പ്രസിദ്ധീകരിച്ചു. രണ്ടാം ലക്കം നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| ഇ) | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ ആഭിമുഖ്യത്തിൽ പുസ്തക മേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ ആഭിമുഖ്യത്തിൽ പുസ്തകമേളകൾ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു വരുന്നു. കൂടാതെ 2007 മുതൽ വർഷം തോറും കോഴിക്കോട്ട് വച്ച് അന്താരാഷ്ട്ര പുസ്തകമേളകൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 2.7.2010ൽ |
| ചോദ്യം നംപർ.98 | മറുപടിക്ക് |

## സർക്കാർ ഭൂമി വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ: | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ഭൂമി വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | സർക്കാർ ഭൂമി കൈവശംവച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പാട്ടത്തുകയും പാട്ടക്കുടിശ്ശികയും ഈടാക്കുവാൻ കേരള ഭൂമി പതിവ് ചട്ടം 1964, കേരളാ റവന്യൂ റിക്കവറി നിയമം എന്നിവ പ്രകാരം നടപടി സ്വികരിച്ചു വരുന്നുണ്ട്. വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ പക്കൽ നിന്നും സ്ഥാവര ജംഗമ ജപ്തിയിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുകയും പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിന്റെ ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പാട്ടകാലാവധി കഴിഞ്ഞതും പാട്ട കുടിശ്ശികയുള്ളതുമായ തോട്ടങ്ങളും സ്ഥാപനങ്ങളും നിയമ വിധേയമായി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (ബി) | പാട്ടക്കാലാവധി കഴിഞ്ഞതും കുടിശ്ശിക യുള്ളതുമായ സ്ഥാപനങ്ങളുടെ ഭൂമി നിയമവിധേയമായി തിരിച്ചെടുക്കുന്നതി-നുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | ഈ വിഭാഗത്തിൽപ്പെട്ട തോട്ടങ്ങളും സ്ഥാപനങ്ങളും ഏതെല്ലാമാണ് ; ഇവയുടെ പാട്ടകുടിശ്ശിക എത്രയെന്നു വ്യക്തമാക്കുമോ ; | (സി) | കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ജില്ലകൾ തോറും തയ്യാറാക്കി വരികയാണ്. |
| (ഡി) | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗോൾഫ് ക്ലബ്ബ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ഡി) | ഗോൾഫ് ക്ലബ്ബ് സ്ഥിതി ചെയ്തിരുന്ന തിരുവനന്തപുരം ജില്ലയിലെ 25.38 ഏക്കർ സർക്കാർ ഭൂമി 17/5/2010 ലെ ബഹു. ഹൈക്കോടതിയുടെ എഫ്.എ.ഒ.63/2010 നമ്പർ കേസിലെ വിധിയുടെയും 17/6/2010ലെ ബഹു. സുപ്രീംകോടതിയുടെ സി.എ.നമ്പർ 4879/2010 കേസിലെ വിധിയുടേയും അടിസ്ഥാനത്തിൽ 24/6/2010ലെ ജി.ഒ(എം.എസ്) 247/2010/റവ ഉത്തരവ് പ്രകാരം 26/6/2010ന് സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. |
| (ഇ) | ഗോൾഫ് ക്ലബിന്റെ പാട്ടകുടിശ്ശികയും മറ്റു ബാധ്യതകളും എത്രയെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | ഗോൾഫ് ക്ലബ് ലൈസൻസ് വ്യവസ്ഥയിലാണ് പ്രവർത്തിച്ചു വന്നിരുന്നത്. 79,91,348/- രൂപ വെള്ളക്കരം ഇനത്തിൽ [illegible] അടയ്ക്കാനുണ്ടെന്നാണ് അറിവായിട്ടുള്ളത്. മറ്റു കുടിശ്ശികകൾ കണക്കാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 99 | 02/07/2010-ൽ മറുപടിക്ക്

## കാലവർഷക്കെടുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ജോർജ്ജ്.എം.തോമസ്,<br>ശ്രീ.പി.കൃഷ്ണപ്രസാദ് | ശ്രീ.കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി)<br>... |
| (എ) ഈ വർഷത്തെ കാലവർഷ ക്കെടുതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാ മോ; | (എ) ഉണ്ട്. ഈ വർഷത്തെ കാലവർഷക്കെടുതി യിൽ 27-06-2010 വരെ ഉണ്ടായ കെടുതിക ളുടെയും അതുമൂലമുണ്ടായ നാശനഷ്ട ങ്ങളുടെയും വിശദമായ വിവരം അനുബന്ധ മായി ചേർത്തിരി ക്കുന്നു. |
| (ബി) കാലവർഷക്കെടുതിയിൽ എത്ര പേർ മരണമടഞ്ഞു; ഇവരുടെ കുടുംബ ത്തിന് ധനസഹായം നൽകിയിട്ടു ണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ ഇതുവരെ 34 പേർ മരണമടഞ്ഞു. ഇതിൽ ഇനിയും ധനസഹായം നൽകി യിട്ടില്ലാത്ത കുടുംബങ്ങൾക്ക് ധന സഹായം നൽകുന്ന തിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) വീടുകൾ തകർന്നവർക്കും കൃഷി നാശം സംഭവിച്ചവർക്കും ധന സഹായം നൽകാൻ നടപടി സ്വീകരി ക്കുമോയെന്ന് വ്യക്തമാ ക്കുമോ; | (സി) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ വീടുകൾ തകർന്നവർക്കും കൃഷി നാശം സംഭവിച്ചവർക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ മാനദണ്ഡ പ്രകാരം ആശ്വാസധനം അനുവദിച്ചു വരുന്നു. പൂർണ്ണമായി തകർന്ന വീടുകൾക്ക് കേന്ദ്ര സഹായമായ 35,000/- രൂപയ്ക്കു പുറമേ സംസ്ഥാന വിഹിതമായ 65,000/- രൂപ കൂടി അനുവദിക്കുവാൻ 18-06-2010-ലെ സ.ഉ.(എം.എസ്) 231/2010/ഡി.എം.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) കാലവർഷക്കെടുതി നേരിടുന്നതിന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടു ണ്ടോ; | (ഡി) ഇല്ല |
| (ഇ) കഴിഞ്ഞ വർഷത്തെ കാലവർഷ ക്കെടുതി നേരിടുന്നതിന് സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചു; കേന്ദ്രസഹായമായി എത്ര കോടി രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കു മോ? | (ഇ) കഴിഞ്ഞവർഷം കാലവർഷക്കെടുതി നേരിടുന്ന തിന് സർക്കാർ 109.81 കോടി രൂപ ചെലവഴിച്ചു. കാലവർഷക്കെടുതി നേരിടുന്നതിനായി കേന്ദ്ര സഹായമായി പ്രത്യേക തുക ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *100 .

02-07-2010 ലെ മറുപടിയ്ക്ക്

റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി,<br>ശ്രീ. എം. ചന്ദ്രൻ,<br>ശ്രീ. കെ.ടി. ജലീൽ,<br>ശ്രീ.എ.സി. മൊയ്തീൻ. | ശ്രീ. ജോസ് തെറ്റയിൽ,<br>(ഗതാഗത വകുപ്പ് മന്ത്രി). |
| (എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കു ന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അതോറിറ്റിക്ക് പ്രത്യേകമായി ഓഫീസ് തുടങ്ങുകയും, അതോറിറ്റിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗം അടിക്കടി ചേർന്ന് പദ്ധതികൾക്ക് രൂപം നൽകുകയും ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം അവ നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുകയും അവയ്ക്ക് പ്രവർത്തന ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് അതോറിറ്റി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ ; | (ബി) യും (സി) യും | പൊതുമരാമത്ത്, മോട്ടോർ വാഹനം, പോലീസ്, ആരോഗ്യം, നാറ്റ് പാക്ക് എന്നീ വകുപ്പുകളെയും നാറ്റ് പാക്കിനേയും ഏകോപിപ്പിച്ചുകൊണ്ട് വിവിധ പദ്ധതികൾ റോഡു സുരക്ഷാ അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവ താഴെ പറയും പ്രകാരമാണ്. |
| (സി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളെയും സർക്കാർ വകുപ്പുകളെയും ഏകോപിപ്പിക്കുന്നതിന് അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | | |

1) അപകട സാധ്യത മേഖല (Accident Prone Area) യും അതീവ അപകട സാദ്ധ്യതാ മേഖലയും(Black Spots):

റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാദ്ധ്യത മേഖലകളും (Accident Prone Area) 217 അതീവ അപകട സാദ്ധ്യത മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകട കാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2) മാതൃകാ റോഡ് പദ്ധതി:

സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സൈൻ ബോർഡുകളും അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗതാ പ്രവണത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ പുരോഗമിച്ച് വരുന്നു. ഇക്കാര്യം പൊതുമരാമത്ത് , പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തു വരുന്നത്.

3) റോഡു സുരക്ഷാ ബോധവൽക്കരണം:

റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ടെലിവിഷൻ മാധ്യമങ്ങൾ വഴി ഫിലിമുകൾ സംപ്രേഷണം ചെയ്തും, റേഡിയോ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡു സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

ആവിഷ്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4.റോഡു സുരക്ഷാ ക്ലബ്:

റോഡു സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡു സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ, കോളേജുകളിൽ 189 റോഡു സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. റോഡു സുരക്ഷാ പ്രോജക്ടും ഗവേഷണവും:

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ - മധുര, അമ്പലപ്പുഴ- തിരുവല്ല, അർത്തുങ്കൽ- ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു.

6.ട്രോമാകെയർ:

ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡു സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായും, കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാനും ആരോഗ്യ വകുപ്പിന് മതിയായ ഫണ്ട് കേരള റോഡു സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.

7.പരസ്യ ബോർഡുകൾ:

അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | റോഡ് സുരക്ഷയ്ക്കായി എത്ര കോടി രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (ഡി) | 2301.6 ലക്ഷം രൂപയുടെ പദ്ധതിയാണ് നിലവിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. |
| (ഇ) | ഏതെല്ലാം വകുപ്പുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് ; | (ഇ) | പൊതുമരാമത്ത്, മോട്ടോർ വാഹനം, പോലീസ്, ആരോഗ്യം എന്നീ വകുപ്പുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. |

(എഫ്) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തന ഫലമായി റോഡപകടങ്ങൾ കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(എഫ്) 2008-ൽ പ്രവർത്തനം ആരംഭിച്ച കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ മൂലം വാഹനാപകടങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2008 വർഷത്തെ അപേക്ഷിച്ച് 2009- ൽ വാഹനാപകട - ങ്ങളുടെ എണ്ണത്തിൽ 4.83% വും അപകടമരണങ്ങളിൽ 3.28% വും കുറവ് ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
15-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 101 2-7-2010-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന് നടപടികൾ</u>

<u>ചോദ്യം</u>

ശ്രീ. എ. പ്രദീപ് കുമാർ.
ശ്രീമതി. പി. അയിഷാ പോറ്റി.
ശ്രീ. ആനത്തലവട്ടം ആനന്ദൻ.
ശ്രീ. സി.എച്ച്.കുഞ്ഞമ്പു..

<u>ഉത്തരം</u>

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വിവിധ സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊട്ടാരക്കര ഷോപ്പിംഗ് കോംപ്ളക്സിന്റെ ഉത്ഘാടനം 14-5-2010 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. കാസർഗോഡ്, അങ്കമാലി എന്നിവിടങ്ങളിലെ ഷോപ്പിംഗ് കോംപ്ളക്സിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലായി.കാട്ടാക്കട ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം പുരോഗതിയിലാണ്. തിരുവനന്തപുരം സെൻട്രൽ, അങ്കമാലി, കോഴിക്കോട്, മലപ്പുറം, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, ഫോർട്ട്, തിരുവനന്തപുരം, പേരൂർക്കട എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യുന്നതിന് കെ.ടി.ഡി.എഫ്.സി.യെ യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നീ ബസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു പണികൾ പുരോഗതിയിലാണ്.<br><br>ബസ് സ്റ്റഷനുകളുടെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസനത്തിനായി വിശ്രമ മുറികളും, ടോയ്‌ലറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനും സ്ത്രീ ജീവനക്കാർക്കായി പ്രത്യേക വിശ്രമ മുറികൾ നിർമ്മിക്കുന്നതിനും, യാർഡുകൾ നവീകരിക്കുന്നതിനും പുതിയതായി ഗ്യാരേജുകൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ ബസ് സ്റ്റേഷനുകൾ നിർമ്മിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ഒൻപത് (9) ബസ് സ്റ്റേഷനുകൾ നിർമ്മിച്ചു. ഇതിൽ തലശ്ശേരി, ആര്യങ്കാവ്, പുത്തൻ കുരിശ്, പിറവം എന്നിവ എം.എൽ.എ.ഫണ്ട് ഉപയോഗിച്ചും, പുതുക്കാട് കെ.എസ്.ആർ.ടി.സി. യുടെയും എം.എൽ.എ യുടെയും , നിലമ്പൂർ കെ.എസ്.ആർ.ടി.സി. യുടെയും വഴിക്കടവ് സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, പാവങ്ങാട് തൽക്കാലം കെ.എസ്..ആർ.ടി.സി.യുടെയും കാഞ്ഞങ്ങാട് എം.പി./എം.എൽ.എ. ഫണ്ടും ഉപയോഗിച്ചുമാണ് നിർമ്മിച്ചിരിക്കുന്നത്. |
| (സി) | ബസ് സ്റ്റോപ്പുകളെ അന്താരാഷ്ട്ര നിലവാരത്തിൽ ക്രമീകരിച്ച് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ളക്സുകളാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (സി) | കൊട്ടാരക്കര നിർമ്മാണം പൂർത്തിയായി. കാസർഗോഡ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.കാട്ടാക്കട ബസ് സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചു. പുരോഗതിയിലാണ്. അങ്കമാലി ബി.ഒ.ടി. പ്രോജക്ടും അന്തിമ ഘട്ടത്തിലാണ്. തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, തിരുവല്ല, മലപ്പുറം എന്നീ ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ളക്സുകൾ ബി.ഒ.ടി.അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് കെ.ടി.ഡി.എഫ്.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരുനാഗപ്പള്ളി, പത്തനം തിട്ട എന്നിവിടങ്ങളിലെ ഷോപ്പിംഗ് |

| | | | |
|---|---|---|---|
| | | | കോപ്ളക്സുകളുടെ നിർമ്മാണത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. നെടുമങ്ങാട്, തൊടുപുഴ, പയ്യന്നൂർ, പുതുക്കാട് എന്നിവിടങ്ങളിലെ ആർക്കിടെക്ട് പ്ളാനുകളുടെ സൂക്ഷമ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. ഈഞ്ചയ്ക്കലിൽ ബസ് ടെർമിനൽ പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രധാന ഡിപ്പോകളിൽ ടോയ്‌ലറ്റ്, കാന്റീൻ, വിശ്രമ സങ്കേതങ്ങൾ എന്നിവ ഏർപ്പെടുത്തുന്ന തിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രധാന ഡിപ്പോകളിൽ ടോയ്‌ലറ്റ്, ക്യാന്റീൻ, വിശ്രമ സങ്കേതങ്ങൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഈ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടപ്പാക്കി വരുന്നു. ഈ വർഷത്തെ പ്ളാൻ ഫണ്ടിൽ നിന്നും നാൽപ്പത്തി രണ്ട് (42) കോടി രൂപ കെ.എസ്.ആർ.ടി.സി .ക്ക് വകയിരുത്തിയിട്ടുണ്ട്. അതിൽ എട്ട് (8)കോടി രൂപ സ്ത്രീകൾക്കായുള്ള വിശ്രമ സങ്കേതങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **102** 02/07/2010 ൽ മറുപടിയ്ക്ക്

**'ഭൂമികേരളം' പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ:<br>ശ്രീ. എം. കെ. പുരുഷോത്തമൻ | | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) | 'ഭൂമികേരളം' പദ്ധതിയുടെ പ്രവർത്തന പുരോഗതിയെ ക്കുറിച്ച് വ്യക്തമാക്കുമോ; | (എ) | ഭൂമികേരളം പദ്ധതിയുടെ കീഴിൽ മലപ്പുറം ജില്ലയിൽ മേൽമുറി വില്ലേജിന്റെയും, തിരുവനന്തപുരം ജില്ലയിൽ മണക്കാട്, തിരുമല വില്ലേജുകളുടെയും, പാലക്കാട് ജില്ലയിൽ പാലക്കാട്-1 വില്ലേജിന്റെയും കണ്ണൂർ ജില്ലയിൽ മാണിയൂർ വില്ലേജിന്റെയും റീസർവ്വേ ജോലികൾ പൂർത്തിയാക്കി 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ഘട്ടത്തിലായിട്ടുണ്ട്. മറ്റു വില്ലേജുകളുടെ സർവ്വേ ജോലികൾ പുരോഗതിയിലാണ്. കൊല്ലം, തൃശൂർ, പാലക്കാട് മലപ്പുറം വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ വനാവകാശ ജോലികൾ അന്തിമ ഘട്ടത്തിലാണ്. ഇതു കൂടാതെ ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത ദുർബല വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിനായി കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇവർക്ക് അനുവദിച്ചിട്ടുള്ള ഭൂമിയുടെ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ അലിഗഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി കണ്ണൂർ ജില്ലയിൽ ആറളം ഫാമിൽ നൽകുന്ന സ്ഥലത്തിന്റെ സർവ്വെ ജോലികൾ (മൂന്നാം ഘട്ടം) പുരോഗതിയിലുമാണ്. |
| (ബി) | സർവ്വേ നടത്തുന്നതിന് ആധുനിക ഉപകരണങ്ങളും സാങ്കേതിക വിദ്യയും പ്രയോജനപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഭൂമികേരളം പ്രോജക്ടിൽ ഉൾപ്പെടുത്തി 15 വില്ലേജുകളിൽ ആധുനിക സർവ്വേ ഉപകരണങ്ങളും, സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി സർവ്വേ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കൂടുതൽ ജീവനക്കാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) നിലവിൽ സർവ്വേ വകുപ്പിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിലാണ് ഭൂമി കേരളം പദ്ധതിയിൽ ജീവനക്കാരെ നിയോഗിക്കുന്നത്. |
| (ഡി) സർവ്വേ പരിശീലനത്തിന് സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) പുതുതായി സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള സർവ്വേ പ്രവർത്തനങ്ങളിൽ പരിശീലനവും, തൃശ്ശൂർ പോലീസ് ട്രെയിനിംഗ് അക്കാദമിയിൽ വച്ച് 45 ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗും, ILDM ൽ വച്ച് 30 ദിവസത്തെ ട്രെയിനിംഗും നൽകിയിട്ടുണ്ട്. കൂടാതെ വില്ലേജിന്റെ സർവ്വേ ജോലികൾ ആരംഭിക്കുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ഗ്രിഡ് സിസ്റ്റത്തിലുള്ള പരിശീലനം സ്റ്റേറ്റ് പ്രോജക്റ്റ് ഓഫീസിൽ വെച്ച് നൽകി വരുന്നു. സർവ്വേ പരിശീലനത്തിന് സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പേരൂർക്കട അമ്പലമുക്കിൽ ആധുനിക സർവ്വേ പരിശീലന കേന്ദ്രത്തിന്റെ പണി പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 103** **2/07/2010-ൽ മറുപടിക്ക്**

**പിന്നോക്കം നിൽക്കുന്ന സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതികൾ**

**ചോദ്യം**
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പിന്നോക്കം നിൽക്കുന്ന സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പ്രത്യേക പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കി വരുന്നത് എന്ന് വിശദീകരിക്കുമോ; | എ) | സംസ്ഥാനത്ത് പിന്നോക്കം നിൽക്കുന്ന സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.<br>പഠനത്തിൽ പിന്നോക്കം നിന്ന 104 സ്കൂളുകളുടെ പഠന നിലവാരം ഉയർത്താൻ ആരംഭിച്ച QEPR (ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം) എന്ന ജനകീയ പദ്ധതി പിന്നീട് 107 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചു. ഈ സ്കൂളുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകി. ഈ സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ കുട്ടികളുടെ എണ്ണം നോക്കാതെ നിയമിച്ചു. പഠനക്കൂട്ടങ്ങൾ സംഘടിപ്പിച്ചു. രാത്രി കാലങ്ങളിൽ അയൽപക്ക പഠന കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. 'ചങ്ങാതി', 'ഒരുക്കം' എന്നീ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ കണ്ടെത്തി ഉപയോഗപ്പെടുത്തി. ഹൈസ്കൂൾതലമുൾപ്പെടെ എല്ലാ ക്ലാസുകളിലെ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകി. |
| ബി) | ഈ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | സംസ്ഥാനത്തെ കൂടുതൽ വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണനയിൽ ഉണ്ടോ; | സി) | ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഈ പ്രത്യേക വിദ്യാഭ്യാസ പദ്ധതി വിജയകരമായി നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെയും അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടേയും സജീവ പങ്കാളിത്തം ഉറപ്പു വരുത്താൻ എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ? | ഡി) | ഉച്ചഭക്ഷണം, പ്രത്യേക പഠനോപ കരണങ്ങൾ, പ്രത്യേക പഠന സഹായികൾ എന്നിവയുടെ തയ്യാറാക്കലും വിതരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപ ങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികവും സവിശേഷവുമായ പഠന പ്രവർത്ത നങ്ങളും ഒരുക്കുന്നുണ്ട്. ഗൃഹസന്ദർശനം, പഠനക്കൂട്ടങ്ങൾ, അയൽക്കൂട്ട പഠന കേന്ദ്രങ്ങൾ എന്നിവ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ പങ്കാളിത്ത ത്തോടെ ആണ് നടത്തുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
15-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 104 — 2-7-2010-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. വർക്ക് ഷാപ്പുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ

<u>ചോദ്യം</u>

ശ്രീ. സി. എം. ദിനേശ് മണി.
ശ്രീ. കെ.കെ. ദിവാകരൻ.
ശ്രീ. വി.ശശികുമാർ..
ശ്രീ. വി.ശിവൻകുട്ടി.

<u>ഉത്തരം</u>

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വർക്ക് ഷാപ്പുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | നിർജ്ജീവമായി കിടന്ന വർക്ക് ഷാപ്പുകൾ പുനരുദ്ധരിക്കാനുള്ള നടപടിയാണ് ആദ്യം കൈക്കൊണ്ടത്. തുരുമ്പ് പിടിച്ച് ഉപയോഗശൂന്യമായി കിടന്ന പണിയായുധങ്ങൾക്കും യന്ത്ര സാമഗ്രികൾക്കും പകരം പുതിയവ വാങ്ങി ബസ് ബോഡികൾ കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷാപ്പുകളിൽ തന്നെ നിർമ്മിച്ചിറക്കുവാൻ തക്ക വിധം സജ്ജമാക്കി. ഇതിനു വേണ്ടി 16 മിഗ് വെൽഡിംഗ് മെഷീൻ , 15 ജിഗ്ബേ, 38 പവർ സ്ക്രൂ ഡ്രൈവർ, 10 ഇംപാക്ട് റഞ്ച്, 81 പോർട്ടബിൾ ആംഗിൾ ഗ്രൈൻഡർ, 250 മാന്വൽ റിവറ്റിംഗ് ഗൺ, 25 ന്യൂ മാറ്റിക് റിവറ്റിംഗ് ഗൺ, 18 കട്ടിംഗ് മെഷീൻ, 312 ഹാൻഡ് ട്രില്ലിംഗ് മെഷീൻ, എൽ.പി. ജി. കട്ടിംഗ് ടോർച്ച് എന്നിവ 2007-08 കാലയളവിൽ വാങ്ങുകയുണ്ടായി. ബസ് ബോഡി നിർമ്മാണത്തിന് ആവശ്യമുള്ള ജീവനക്കാർ കുറവായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസക്കൂലി വ്യവസ്ഥയിലും വിവിധ വിഭാഗങ്ങളിലായി ജോലിക്ക് നിയോഗിക്കുകയും അവർക്ക് ബോഡി നിർമ്മാണത്തിൽ പരിശീലനം നൽകുകയുമുണ്ടായി. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുകയും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതു വഴി സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ്, ഓർഡിനറി, മലബാർ, വേണാട്, അനന്തപുരി എന്നീ തരം ബസ്സുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും കെ.എസ്.ആർ.ടി.സി. യുടെ വിവിധ വർക്ക് ഷോപ്പുകളിൽ നടത്തി വരുന്നു. ഈ വർക്ക് ഷോപ്പുകൾക്കൊക്കെ തന്നെ അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും തൽഫലമായി പാപ്പനംകോട്ടുള്ള സെൻട്രൽ വർക്സിന് ബി ക്ലാസ് പദവിയിലുള്ള അക്രഡിറ്റേഷൻ ലഭിക്കുകയും ചെയ്തു. കേരള സംസ്ഥാനത്ത് ബസ് ബോഡി നിർമ്മാണത്തിന് നിയമപരമായ യോഗ്യതയുള്ള ഏക സ്ഥാപനമായി ഇതോടെ കെ.എസ്.ആർ.ടി.സി. മാറിയിരിക്കുകയാണ്. മറ്റ് വർക്ക് ഷോപ്പുകളിൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് വേണ്ടതായ പ്രസ് ബ്രേക്ക്, ഷിയറിംഗ് മെഷീൻ, ടിഗ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടേക്ക് പരിശോധനാ സൗകര്യത്തിന് വേണ്ടതായ ബ്രണൽ ഹാർഡ്നെസ് ടെസ്റ്റർ, പെയിന്റ് തിക്ക്നെസ് മെഷറിംഗ് ഗേജ് എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ച് കഴിഞ്ഞു. എടപ്പാളിൽ ഫോസ്ഫേറ്റ് പ്ളാന്റ് നിർമ്മിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ക്രമേണ കോഴിക്കോട്, ആലുവ, മാവേലിക്കര എന്നീ വർക്ക് ഷോപ്പുകളിലും ഇത്തരം നവീകരണ പ്രക്രിയകൾ ആരംഭിക്കുന്നതാണ്. |
| (ബി) | കോർപ്പറേഷന്റെ ബസ്സുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും സ്വന്തം വർക്ക് ഷാപ്പുകളിൽ നടത്താൻ കഴിയുന്നുണ്ടോ: ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടം | (ബി) | എസി, ബസ്സുകൾ ഒഴികെയുള്ള എല്ലാ ബസ്സുകളുടെയും ( സൂപ്പർ ഡീലക്സ് , സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, മലബാർ, വേണാട്, അനന്തപുരി ഫാസ്റ്റ്) ബോഡികൾ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വർക്ക് ഷോപ്പുകളിൽ നിർമ്മിച്ചു വരുന്നു. ബോഡി ബിൽഡിംഗ് പുനരാരംഭിച്ചതിനു ശേഷം 5/2010 വരെ 2,116 ബസ്സുകൾ കോർപ്പറേഷന്റെ വിവിധ വർക്ക് ഷോപ്പുകളിലായി ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയിട്ടുണ്ട്. കോർപ്പറേഷൻ വർക്ക് ഷോപ്പുകളിൽ ബോഡി പണിയുന്നതിന് സൂപ്പർ ഡീലക്സിന് 7,39,503/- രൂപയും സൂപ്പർ ഫാസ്റ്റിന് 4,44,495/- രൂപയും ഫാസ്റ്റ് പാസഞ്ചറിന് 4,36,489/- രൂപയും ഓർഡിനറി ബസിന് 4,34,903/- രൂപയും ചെലവ് വരും. 2005-ൽ പുറമെ നൽകി പണി കഴിപ്പിച്ച ബസ്സുകൾക്ക് ശരാശരി 5,29,000/- രൂപ ചെലവായിട്ടുണ്ട്. ഇത് താരതമ്യം ചെയ്യുമ്പോൾ സ്വന്തം വർക്ക് ഷോപ്പുകളിൽ ബസ്സുകൾ ബോഡി ചെയ്ത് പുറത്തിറക്കുന്നതാണ് കോർപ്പറേഷന് ലാഭകരം. കെ.എസ്.ആർ.ടി.സി.വർക്ക് ഷോപ്പുകളിൽ പണി കഴിപ്പിച്ച ബസ്സുകൾ ഈടുറ്റതാണ്. അതിനാൽ ഇത്തരം ബസ്സുകളുടെ ആയുർ ദൈർഘ്യം കൂടുതലാണ്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്; | (സി) | 2,139 ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്. ( 2116+20 എ.സി.+ 3 വോൾവോ) |
| (ഡി) | ബസ് ചേസിസ് വാങ്ങുന്ന നടപടി സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഏറ്റവും സുതാര്യമായ രീതിയിൽ ഓപ്പൺ ടെണ്ടർ മുഖേനയാണ് 2007 മുതൽ ചേസ്സിസുകൾ വാങ്ങുന്നത്. |
| (ഇ) | ബസ്സുകളുടെ അറ്റകുറ്റ പണികൾ യഥാ സമയം നടത്തുന്നതിന് വർക്ക് ഷാപ്പുകളിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുമോ? | (ഇ) | അറ്റകുറ്റ പണികൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്. ബസ്സുകളുടെ അറ്റകുറ്റ പണികൾ രണ്ട് വിഭാഗങ്ങളിലായിട്ടാണ് നടക്കുന്നത്. വാഹനങ്ങളുടെ കംപ്ലീറ്റ് ഓവർ ഹൗളിംഗ്,വലിയ അപകടങ്ങളുടെ |

| | | | |
|---|---|---|---|
| | | | റിപ്പയറിംഗ്,എഞ്ചിൻ,ഗിയർ ബോക്സ് യൂണിറ്റുകൾ തുടങ്ങിയവയുടെ റീ കണ്ടീഷൻ ജോലികൾ കെ.എസ്.ആർ.ടി.സി.യുടെ അഞ്ച് (5) വർക്ക് ഷാപ്പുകളിലായും ബസ്സുകളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റിനുള്ള പണികൾ, ദൈനംദിനമുള്ള അറ്റകുറ്റ പണികൾ, കി.മീറ്റർ അനുസരിച്ച് ചെയ്യേണ്ട വിവിധ പണികൾ മുതലായവ ഡിപ്പോകളോട് ചേർന്നുള്ള ഗ്യാരേജുകളിലും നടത്തുന്നു. ഈ വർക്ക് ഷോപ്പുകൾ നവീകരിക്കുകയും, ആധുനിക ഉപകരണങ്ങളും, യന്ത്ര സാമഗ്രികളും സജ്ജമാക്കുകയും ചെയ്ത് ബസ്സുകളുടെ അറ്റകുറ്റ പണികൾ യഥാ സമയം നടത്തുന്നതിന് വർക്ക് ഷോപ്പുകൾ സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

/

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.105 02.07.2010 -ൽ മറുപടിക്ക്

## പരീക്ഷാഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) പരീക്ഷാഭവന്റെ ജോലിഭാരം മുൻപുള്ളതിൽ നിന്നും വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. ജനനതീയതി തിരുത്തുന്നതിനും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും ലഭിച്ച അപേക്ഷകളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജനനതീയതി തിരുത്തുന്നതിന് 2006, 2007, 2008, 2009 വർഷങ്ങളിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം യഥാക്രമം 5285, 6876, 16281, 32448 എന്നിങ്ങനെയാണ്. കൂടാതെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾക്ക് 2008-09 - ൽ 12633 അപേക്ഷകളും 2009-2010-ൽ 13896 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| (ബി) ജോലി ഭാരത്തിനനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ത് പരീക്ഷാ ഭവനിൽ ഉണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഇക്കാര്യത്തിൽ വർക്ക്സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

..........2)

(സി) പരീക്ഷാ ഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി) പരീക്ഷാഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പല കർമ്മ പരിപാടികളും നടത്തി വരുന്നു. പരീക്ഷാഭവനിൽ നിന്നും ആവശ്യമായി വരുന്ന സേവനങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു. പരീക്ഷാസംബന്ധമായ മുഴുവൻ ജോലികളും പൂർണമായും കമ്പ്യൂട്ടർവത്കരിച്ചു. പരീക്ഷാഭവനിൽ ലഭിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും അന്വേഷണവിഭാഗത്തിൽ നിന്നും കൈപ്പറ്റ് രസീത് നൽകി വരുന്നു. കൈപ്പറ്റ് രസീതിലെ നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ നടപടി ക്രമത്തിന്റെ പുരോഗതി അപേക്ഷകന് നേരിട്ട് മനസ്സിലാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും പരീക്ഷാഭവനിലെ ഏത് സെക്ഷനിലേയ്ക്കും ഫോൺ മുഖാന്തിരം നേരിട്ട് ബന്ധപ്പെടുവാനും അപേക്ഷകളുടെ വിവരങ്ങൾ അറിയുവാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജി.ഒ.(പി)നം.215/09/പൊ.വി.വ. തീയതി 06.11.2009 പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നത് വരെയുള്ള കുട്ടികളുടെ പേര്, മതം, ജനനത്തീയതി തുടങ്ങിയ തിരുത്തലുകൾ സ്കൂൾ രേഖകളിൽ വരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നല്കിയതിലൂടെ പരീക്ഷാഭവനിലെ തിരക്ക് ഒരളവ്‌വരെ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. **106** — 02/07/2010-ൽ മറുപടിക്ക്

ദുരന്ത നിവാരണ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി)<br>... |
| (എ) ദുരന്ത നിവാരണ നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ ? എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) ഉണ്ട്. 2005-ൽ പാർലമെന്റ് അംഗീകരിച്ച കേന്ദ്ര ദുരന്ത നിവാരണ നിയമത്തിലെ 18-ാം വകുപ്പിൽ സംസ്ഥാനങ്ങൾ ദുരന്ത നിവാരണ നയം ആവിഷ്ക്കരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ നയത്തിന് 14-10-2009-ന് ചേർന്ന ദുരന്ത നിവാരണ അതോറിറ്റി യോഗം അംഗീകാരം നൽകുകയുണ്ടായി. 16-06-2010-ന് ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത നയരേഖ അംഗീകരിക്കുകയും 19-06-2010-ലെ സ.ഉ. (എം.എസ്) നം.240/2010/ഡി.എം.ഡി നമ്പരായി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളായാലും മനുഷ്യ സൃഷ്ടിയായ ദുരന്തങ്ങളായാലും അവയെ നേരിടുന്നതിനും ലഘൂകരിക്കുന്നതിനും സമഗ്രവും സുസ്ഥിരവുമായ സമീപനം ഉറപ്പുവരുത്തുകയാണ് ദുരന്ത നിവാരണ നയം കൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ നയപരവും സാങ്കേതികവും, നിയമപരവുമായ ഒരു സംവിധാനം വികസിപ്പിച്ചെടുക്കുക, ദുരന്തങ്ങളെ പ്രതിരോധിക്കൽ, ദുരന്ത ലഘൂകരണം, ദുരന്തങ്ങളെ നേരിടുന്നതിനു സ്വീകരിക്കേണ്ട തയ്യാറെടുപ്പുകൾ എന്നിവയെ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വികസിപ്പിച്ചെടുക്കുകയും നിലനിർത്തുകയും ചെയ്യുക, ദുരന്തങ്ങളുണ്ടാകുന്ന അടിയന്തിര ഘട്ടങ്ങളിൽ പ്രതികരണം, പുനരധിവാസം പുനർനിർമ്മാണം എന്നിവ കൈകാര്യം ചെയ്യുന്നതിന് വിഭവങ്ങളുടെയും ചുമതലകളുടെയും സംഘാടനത്തിലൂടെ കാര്യക്ഷമമായ ദുരന്ത നിവാരണം ഉറപ്പുവരുത്തുക, ദുരന്ത സമയത്തും ദുരന്തത്തിനു മുൻപും ശേഷവും ഉള്ള സാഹചര്യങ്ങൾ നേരിടുന്നതു സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവാന്മാരാക്കുക, 2005-ലെ ദുരന്ത നിവാരണ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള ഒരു ദുരന്ത നിവാരണ സംവിധാനം |

സംസ്ഥാനത്ത് നടപ്പിൽ വരുത്തുക എന്നിവയാണ് സംസ്ഥാന ദുരന്ത നിവാരണ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) ദുരന്ത നിവാരണ നയത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന, ജില്ലാ ഭരണകൂടങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസമൂഹം, സന്നദ്ധസംഘടനകൾ എന്നിവയുടെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ദുരന്ത നിവാരണ നയം പ്രധാനമായും ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുളള പ്രധാന ചുമതല സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കായിരിക്കും. ജില്ലകളിൽ ഇതിന്റെ ചുമതല ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കായിരിക്കും. സംസ്ഥാന ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ, വകുപ്പുതല പദ്ധതികൾക്ക് അംഗീകാരം നൽകൽ എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുളള പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും ഏകോപിപ്പിക്കാനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ആഭ്യന്തരം, റവന്യൂ, ആരോഗ്യം എന്നീ വകുപ്പുകളിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന് രൂപം നൽകുക കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പുകൾ സ്ഥാപിക്കുക എന്നിവ ദുരന്ത നിവാരണ നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ നയത്തിന്റെ അടിസ്ഥാനത്തിൽ പ്രകൃതി സംബന്ധമായ ദുരന്ത നിവാരണ പ്രവർത്തനത്തിനുളള നോഡൽ ഏജൻസിയായി റവന്യൂ വകുപ്പും മനുഷ്യ സൃഷ്ടിയായ ദുരന്തങ്ങൾ ആഭ്യന്തര വകുപ്പും, രാസ, ജൈവ, വികിരണ ആണവ അപകടങ്ങൾ മൂലമുളള ദുരന്തങ്ങൾ ആരോഗ്യവകുപ്പും വ്യവസായിക അപകടങ്ങൾ വ്യവസായ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പും സസ്യങ്ങളുടെ കീടരോഗബാധയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിലുണ്ടാകുന്ന ദുരന്തങ്ങൾക്ക് കൃഷിവകുപ്പും കന്നുകാലികളുടെ പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട ദുരന്തങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പും നോഡൽ വകുപ്പായി പ്രവർത്തിക്കും. ജലസേചന, പൊതുമരാമത്ത് വകുപ്പുകൾ യഥാക്രമം അണക്കെട്ട് തകർച്ചയുമായി ബന്ധപ്പെട്ട അപകടങ്ങളും, കെട്ടിടങ്ങൾ തകർന്നുണ്ടാകുന്ന

അത്യാഹിതങ്ങളും കൈകാര്യം ചെയ്യുന്ന നോഡൽ വകുപ്പായിരിക്കും. കാട്ടുതീയുമായി ബന്ധപ്പെട്ടുള്ള അത്യാഹിതങ്ങൾക്കുള്ള നോഡൽ വകുപ്പ് വനം വകുപ്പായിരിക്കും. ദുരന്ത നിവാരണത്തിൽ പരിശീലനവും ഗവേഷണവും വിവരശേഖരണവും നടത്തുന്നതിനും കൂടാതെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അനുബന്ധമായി പ്രവർത്തിക്കുന്നതിനും കേരള സംസ്ഥാന ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്വയംഭരണ സ്ഥാപനത്തിന് രൂപം നൽകണമെന്ന് നയത്തിൽ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന് യോജിച്ചതും പ്രായോഗികവുമായ ദുരന്ത നിവാരണ പദ്ധതി ആവിഷ്ക്കരിക്കുന്നതിനും അവ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും, ദുരന്ത നിവാരണത്തിനായി പ്രത്യേക ഫണ്ട് സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ദുരന്ത നിവാരണ പദ്ധതികളിൽ സ്ത്രീകൾ, കുട്ടികൾ, അംഗവൈകല്യമുള്ളവർ വൃദ്ധജനങ്ങൾ എന്നിവർക്ക് മുൻഗണന നൽകുന്നതിനും നയത്തിൽ ലക്ഷ്യമിടുന്നുണ്ട്. ദുരന്തങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ലെങ്കിലും അവയെ നേരിടുന്നതിനും ദുരന്തങ്ങൾ മൂലമുണ്ടാകുന്ന അത്യാഹിതങ്ങൾ കുറയ്ക്കുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ അതിവേഗത്തിലുള്ള ദുരന്ത നിവാരണ സേവനങ്ങൾ നടപ്പാക്കുന്നതിനുമാണ് ദുരന്ത നിവാരണ നയം ലക്ഷ്യമിടുന്നത്.

| | |
|---|---|
| (സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ദുരന്ത നിവാരണ കേന്ദ്രങ്ങൾ സജ്ജീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (സി) സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും കൂടാതെ കളക്ടറേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും ആരംഭിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ താലൂക്ക് ഓഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു എമർജൻസി ഓപ്പറേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ദുരന്തവുമായി ബന്ധപ്പെട്ട വിവരങ്ങൾ അതിവേഗത്തിൽ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്ന രീതിയിൽ എമർജൻസി ഓപ്പറേഷൻ സെന്ററിനെ ഇന്റർനെറ്റ്, വയർലെസ്സ്, ഫാക്സ്, ഫോൺ എന്നിവയിലൂടെ ജില്ലാ കൺട്രോൾ റൂമുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇതുവഴി ദുരന്തവുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം ശേഖരിക്കുവാനും പ്രസക്തമായ വിവരങ്ങളും മുന്നറിയിപ്പുകളും ദ്രുതഗതിയിൽ വിനിമയം ചെയ്യുന്നതിനും സാദ്ധ്യമാകുന്നു. |

| | | | |
|---|---|---|---|
| (ഡി) | ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാന തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, ഫയർ & റെസ്ക്യൂ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. കൂടാതെ ദുരന്തങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ കൃത്യമായി നിർവ്വചിക്കുന്ന Standard Operating Procedures (SOPs) ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ നയത്തിൽ പ്രതിപാദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 107 — 02/07/2010-ൽ മറുപടിക്ക്

## സ്കൂളുകളിൽ ശാസ്ത്രവിഷയങ്ങളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. എം. യൂസഫ് :
ശ്രീമതി. ജെ. അരുന്ധതി:
ശ്രീ. സി. കെ. സദാശിവൻ:

**ഉത്തരം**

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ശാസ്ത്രവിഷയങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പുമായി ചേർന്ന് പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ഉദ്ദേശിക്കുന്നുണ്ട്. അന്തർദേശീയ ജൈവവൈവിധ്യവർഷം പ്രമാണിച്ച് ജൈവവൈവിധ്യം, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ശാസ്ത്രാദ്ധ്യാപകർക്ക് പരിശീലനം, ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ( SC/ST, Minority ഉൾപ്പെടെ) സംസ്ഥാനതല ശില്പശാലകൾ എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ശാസ്ത്രത്തിലും ഗണിത ശാസ്ത്രത്തിലും വിദ്യാർത്ഥികളുടെ അഭിരുചി വളർത്തുന്നതിന് വേണ്ടി ശാസ്ത്ര ഒളിംപ്യാഡ്, ഗണിത ഒളിംപ്യാഡ് എന്നീ രണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | സ്കൂളുകളിലെ ലബോറട്ടറികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലകളുടെ തനതു പരിപാടികളിൽ സ്കൂൾ ലാബ് നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | സ്കൂളുകളിലെ സയൻസ് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | സി) | പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്കൂളുകളിലെ സയൻസ് ക്ലബുകളുടെ പ്രവർത്തനവും, കുട്ടികളിൽ ശാസ്ത്രബോധവും മെച്ചപ്പെടുത്തുന്നതിനായി ക്വിസ്സ്, ടാലന്റ് സെർച്ച് എക്സാമിനേഷൻ, ഇൻവെസ്റ്റിഗേറ്ററി പ്രോജക്ട്, സി.വി.രാമൻ ഉപന്യാസ മത്സരം, ശ്രീനിവാസരാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരം, സയൻസ് സെമിനാർ, ശാസ്ത്ര നാടകം തുടങ്ങിയ പരിപാടികൾ സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷാചരണത്തിന്റെ ഭാഗമായി ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ ഗവേഷണാടിസ്ഥാനത്തിൽ സമീപിക്കാൻ വേണ്ട നൂതന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കൽ, പ്രതിഭാധനരായ കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക പ്രവർത്തനങ്ങൾ നടപ്പാക്കൽ, സ്കൂൾതല സ്കൈവാച്ചിംഗ് ക്യാമ്പ് സെമിനാറുകൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ശാസ്ത്രവിഷയങ്ങൾ ലളിതമായും രസകരമായും പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുമോ ? | ഡി) | ശാസ്ത്ര വിഷയങ്ങൾ ലളിതമായും, രസകരമായും പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് കാലോചിതമായി പരിശീലനം വിഷയാടിസ്ഥാനത്തിൽ നൽകി വരുന്നു. |

Shama

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *108 02.07.2010 ൽ മറുപടിക്ക്

## സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്<br>" എൻ.രാജൻ<br>ശ്രീമതി ഇ.എസ്.ബിജി മോൾ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത്, വിദ്യാർത്ഥികൾക്ക് പ്രാഥമി കാവശ്യങ്ങൾ നിറവേറ്റുന്നതിന് ഉള്ള സൗകര്യ ങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാത്ത സ്കൂളു കളുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അൺ എയ്ഡഡ്, എയ്ഡഡ്, സർക്കാർ എന്നീ മേഖലകളിൽപ്പെട്ട എത്ര സ്കൂളുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 178 ഗവൺമെന്റ് സ്കൂളുകളിലും, 416 എയ്ഡഡ് സ്കൂളുകളിലും പ്രാഥമിക സൗകര്യം നിറവേറ്റുന്നതിന് വേണ്ടത്ര സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. വേണ്ടത്ര പ്രാഥമിക സൗകര്യം ഏർപ്പെടുത്താത്ത അൺഎയ്ഡഡ് സ്കൂളുകളുടെ കണക്ക് ശേഖരിച്ച് വരുന്നു. |

(ഡി) നിലവിലുള്ള ചട്ട പ്രകാരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട അനുപാതം എത്രയാണ്;

ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്കൂളുകൾക്കെതിരെ എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) യും (ഡി) യും

കുടിവെള്ള വിതരണ, ഗ്രാമ വികസന മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം 20 മുതൽ 40 വരെ ആൺ/പെൺ കുട്ടികൾക്ക് 1 യൂറിനൽ വീതവും 80 മുതൽ 120 വരെ ആൺ/പെൺ കുട്ടികൾക്ക് പ്രത്യേകിച്ച് 1 ടോയ്‌ലറ്റ് വീതവും എന്ന അനുപാതത്തിലാണ് സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത്. ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്കൂളുകളിൽ ഇവ മേൽപറഞ്ഞ അനുപാതത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

L. Jayalekshmi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *109 | 02-07-2010 ലെ മറുപടിയ്ക്ക് |

## ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ.<br>ശ്രീ. സി.കെ. സദാശിവൻ.<br>ശ്രീ. എം. കെ. പുരുഷോത്തമൻ.<br>ശ്രീ. വി.എൻ. വാസവൻ. | | ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് 14 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും നീറ്റിലിറക്കി. പുതിയ 10 സ്റ്റീൽ ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. 6 ബോട്ടുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. റണ്ണിംഗ് ബോട്ടുകളുടെ റിപ്പയർ ത്വരിതപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ നിലവിലുള്ള സ്ലിപ്പ് വേ നവീകരിച്ച് ഇലക്ട്രിക്ക് വിഞ്ച് സ്ഥാപിച്ചു. ഇത് മൂലം സ്റ്റീൽ ബോട്ടുകളുൾപ്പെടെയുള്ള ബോട്ടുകളുടെ റിപ്പയർ പണികൾ വേഗത്തിൽ ചെയ്യാൻ കഴിയുന്നുണ്ട്. കൂടുതൽ |

ബോട്ടുകളുടെ മേജർ റിപ്പയർ വേഗത്തിൽ ചെയ്യാൻ 1.59 കോടി രൂപ മുതൽ മുടക്കിൽ ആലപ്പുഴ പോഞ്ഞിക്കരയിലുള്ള സ്ഥലത്ത് ആധുനിക സ്ലിപ്പ് വേയുടെ നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് കരാർ നൽകിയതനുസരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ നാല് ബോട്ടുകളും രണ്ടാം ഘട്ടത്തിൽ , നാല് ബോട്ടുകളും ഉൾപ്പെടെ എട്ട് ബോട്ടുകളുടെ മേജർ റിപ്പയർ വേഗത്തിൽ ചെയ്യാൻ ഇതുമൂലം സാധിക്കുന്നതാണ്. സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇതു കൂടാതെ ബി.എസ്. എൻ. എൽ-മായി ചേർന്ന് സി.യു.ജി. (ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്) ഫോൺ സംവിധാനം എല്ലാ ബോട്ടുകളിലും വാർത്താ വിനിമയ സൗകര്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി. ബോട്ടുകളിലെ ജീവനക്കാർക്കും യാത്രക്കാർക്കും നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. കൂടാതെ ജലഗതാഗത രംഗത്തെ ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്ത് 14 വർഷമായി നിറുത്തി വച്ചിരുന്ന കൊല്ലം - ആലപ്പുഴ സർവ്വീസ് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ജലഗതാഗത വകുപ്പിന്റെ കീഴിൽ എത്ര ബോട്ടുകൾ ഉണ്ട്; അവയിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നുണ്ട് ; | (ബി) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ 83 ബോട്ടുകളുണ്ട്. ഇവയിൽ 48 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | പുതുതായി എത്ര ബോട്ടുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) | 16 പുതിയ ബോട്ടുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ബോട്ടു ജെട്ടികളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ഡി) | പഴയ താൽക്കാലിക ജെട്ടികൾക്ക് പകരമായി 42 ആർ.സി.സി. ജെട്ടികൾ നിർമ്മിക്കാൻ ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ - കുട്ടനാട്- കോട്ടയം റൂട്ടുകളിൽ നൂറ്റിപ്പത്ത് ജെട്ടികൾക്ക് താങ്ങുകുറ്റികൾ സ്ഥാപിക്കുന്നതിനായി രൂ. 13,05,000/- ( പതിമൂന്ന് ലക്ഷത്തി അയ്യായിരം രൂപ) ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പയ്യന്നൂർ മേഖലയിലെ മാടക്കൽ - കവ്വായി ജെട്ടികൾ നിർമ്മിക്കുന്നതിന് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൽ രൂ. 14,00,000/- ( പതിനാല് ലക്ഷം രൂപ ) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ 38 ജെട്ടികൾ നവീകരിച്ച് മേൽക്കൂര നിർമ്മിച്ച് പരസ്യം പതിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ പരസ്യ ഏജൻസിക്ക് അനുമതി നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ; | (ഇ) | ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ വേഗത്തിൽ ചെയ്യുന്നതിനായി ആലപ്പുഴയിൽ നിലവിലുണ്ടായിരുന്ന സ്ലിപ്പ് വേ നവീകരിക്കുകയും ഇലക്ട്രിക്ക് വിഞ്ച് ഉപയോഗിച്ച് ബോട്ടുകൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്ത് തേവരയിലുള്ള വർക്ക് ഷോപ്പും അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| (എഫ്) | ജോലിക്കാർക്കും ബോട്ടിലെ യാത്രക്കാർക്കും ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ ? | (എഫ്) | ബോട്ടുകളിലെ ജീവനക്കാർക്കും യാത്രക്കാർക്കും നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ 01-04-2010 മുതൽ 31-03-2011 വരെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രൂ. 1,45,823/- ( ഒരു ലക്ഷത്തി നാല്പത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിമൂന്ന് രൂപ) പ്രീമിയമായി അടച്ചിട്ടുണ്ട്. ഈ സ്കീം പ്രകാരം അപകടത്തിൽ ഭാഗിക ഡിസെബിലിറ്റി സംഭവിയ്ക്കുന്ന യാത്രക്കാരന് / ജീവനക്കാരന് 50,000/- രൂപയും (അൻപതിനായിരം രൂപ) സ്ഥിരമായി ഡിസെബിലിറ്റി അല്ലെങ്കിൽ മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും നഷ്ട പരിഹാരമായി ലഭിക്കും. |

ഒരു അപകടത്തിന് 25 ലക്ഷം
രൂപയും ഒരു വർഷം പരമാവധി
ഒരു കോടി രൂപയും
ഇൻഷ്വറൻസ് കമ്പനി
നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 110 02/07/2010-ൽ മറുപടിക്ക്

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

**ചോദ്യം**
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. എ. പി. അനിൽ കുമാർ

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി നടപ്പാക്കുന്നത് എന്നു മുതലാണ്; | എ) | 2009-2010 സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | ബി) | 14-നും 18-നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം നൽകുക എന്നതാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തിലെത്താനായുള്ള പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ ഇവയാണ്.<br>1. എല്ലാ സെക്കന്ററി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളും, അദ്ധ്യാപകരും, മറ്റ് അവശ്യ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക.<br>2. ഓരോ 5 കിലോമീറ്ററിനുള്ളിൽ ഒരു ഹൈസ്കൂളെങ്കിലും, 7 -10 കിലോമീറ്ററിനുള്ളിൽ ഒരു ഹയർ സെക്കന്ററി സ്കൂളെങ്കിലും സ്ഥാപിച്ചും ആവശ്യമായ യാത്രാ സൗകര്യങ്ങൾ ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നൽകിയും എല്ലാവർക്കും സ്കൂളിലെത്താനുള്ള സൗകര്യം ഒരുക്കുക.<br>3. സ്ത്രീ-പുരുഷ, ജാതി -മത, സാമ്പത്തിക, ശാരീരിക വൈകല്യ വ്യത്യാസങ്ങളാൽ ഒരു കുട്ടിപോലും സ്കൂളിലെത്താതിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.<br>4. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായി പാഠ്യപദ്ധതി പരിഷ്കരിക്കുക.<br>5. എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. |
| സി) | ആർ.എം.എസ്.എ. നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ക്ലാസുകൾ ഏതെല്ലാം ; | സി) | IX, X ക്ലാസ്സുകളിലാണ് ആർ.എം.എസ്.എ. ഇപ്പോൾ നടപ്പാക്കുന്നതെങ്കിലും, വരും വർഷങ്ങളിൽ XI, XII ക്ലാസ്സുകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതിയുടെ ഫണ്ട് വിഹിതം നിശ്ചയിക്കുന്നതിനും സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ? | ഡി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും ഈ പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്നുണ്ട്. സ്കൂളുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചും മറ്റ് കാര്യങ്ങളെ സംബന്ധിച്ചുമുള്ള സ്കൂൾ പ്ലാൻ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന് നൽകുന്നു. കേന്ദ്ര സർക്കാരിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിക്കുന്ന തുകയാണ് സ്കൂളുകൾക്ക് നൽകുന്നത്. സർക്കാർ സ്കൂളുകൾക്കാണ് ആർ.എം.എസ്.എ. ഫണ്ട് അനുവദിക്കുന്നതെങ്കിലും അധ്യാപക പരിശീലനത്തിന് ഫണ്ട് അനുവദിക്കുമ്പോൾ എയ്ഡഡ് സ്കൂൾ അധ്യാപകരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
15-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 111 — 2-7-2010-ലെ മറുപടിക്ക്

## ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ളക്സുകളായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ്.
ശ്രീ. കെ.സി. ജോസഫ്.
ശ്രീ. കെ.ബാബു.

**ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കൊമേഴ്സ്യൽ ഏരിയ വാടകയ്ക്ക് കരാർ പ്രകാരം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിവിധ ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ബസ് ടെർമിനൽ- കം- ഷോപ്പിംഗ് കോംപ്ളക്സുകളായി മാറ്റുന്നതിന്റെ ആദ്യഘട്ടമായി ഏതൊക്കെ ബസ് സ്റ്റേഷനുകളിൽ നവീകരണം നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ബി) | ആദ്യഘട്ടമായി മുപ്പത് (30) ബസ്സ് സ്റ്റേഷനുകളാണ് നവീകരണത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ആയത് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇത്തരം ബസ് ടെർമിനലുകളുടെ പണിയുടെ ഒന്നാം ഘട്ടം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) | ഇപ്പോൾ നവീകരണ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഡിപ്പോകൾ മൂന്നു മാസം മുതൽ 24 മാസത്തിനകം പൂർത്തീകരിയ്ക്കുന്നതാണ്. സാങ്കേതിക വിദഗ്ദ്ധരുടേയും സാമ്പത്തിക നിലയുടെയും അടിസ്ഥാനത്തിൽ സർക്കാർ അനുവാദം കിട്ടുന്ന മുറയ്ക്ക് മറ്റു പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. തുടങ്ങിയാൽ മുപ്പത് മാസത്തിനകം ആ പദ്ധതി പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | നിശ്ചിത ബസ് | (ഡി) | സർക്കാരിൽ നിന്നും സാമ്പത്തിക |

| | | | |
|---|---|---|---|
| | ടെർമിനലുകളുടെ പണിയുടെ ഒന്നാം ഘട്ടം പണികൾ പൂർത്തിയാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു; | | സഹായം ഇല്ലാതെയാണ് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത്. ഇതിനു വേണ്ട സാങ്കേതിക വിദഗ്ദ്ധർ കെ.എസ്.ആർ.ടി.സി.യിൽ വളരെ അപര്യാപ്തമാണ്. ആവശ്യത്തിന് സാങ്കേതിക വിദഗ്ദ്ധൻമാരും, സാമ്പത്തിക സഹായവും സമയാസമയങ്ങളിൽ ലഭ്യമാകാത്തതാണ് പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ കഴിയാത്തതിനുള്ള കാരണം. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കണമെന്നത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ രണ്ടാം ഘട്ടത്തിൽ എന്തൊക്കെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്? | (ഇ) | രണ്ടാം ഘട്ടം 29 ബസ്സ് സ്റ്റേഷനുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. അനുബന്ധം II ആയി ചേർത്തിരിക്കുന്നു. എന്നാൽ വേണ്ടത്ര സാമ്പത്തികവും, സാങ്കേതിക സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ഒന്നാം ഘട്ടം പൂർത്തീകരിച്ച ശേഷം രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## BUS TERMINAL COMPLEXES

PHASE I

1. Angamaly
2. Thiruvananthapuram Central (Thampanoor)
3. Kozhikode
4. Peroorkada
5. Fort (Thiruvananthapuram)
6. Malappuram
7. Ernakulam
8. Palakkad
9. Thrissur
10. Pathanamthitta
11. Kayamkulam
12. Kollam
13. Vikasbhavan
14. 1Vaikom
15. Payyanur
16. Punalur
17. Chengannoor
18. Changanacherry6
19. Thiruvalla
20. Kottayam
21. Karunagappally
22. Alappuzha
23. Attingal
24. Cherthala
25. Guruvayur
26. Nedumangad
27. Pala
28. Muvattupuzha
29. Vizhinjam
30. Ettumanoor

# അനുബന്ധം II

## BUS TERMINAL COMPLEXES

PHASE II

| | |
|---|---|
| 1 | Perinthalmanna |
| 2 | Chalakkudy |
| 3 | Thodupuzha |
| 4 | Eanchakkal (TVM) |
| 5 | Kodungalloor |
| 6 | Perumbavoor |
| 7 | Chadayamangalam |
| 8 | Adoor |
| 9 | Kilimanoor |
| 10 | Poovar |
| 11 | Venjaramoodu |
| 12 | Thazhayangadi |
| 13 | Puthukkad |
| 14 | Thevara |
| 15 | Ernakulam Boat Jetty |
| 16 | Mattancherry |
| 17 | Pappanamcode Central Works |
| 18 | R/W Aluva |
| 19 | R/W Kozhikode |
| 20 | Munnar |
| 21 | Devikulam |
| 22 | Harippad |
| 23 | Kumily |
| 24 | Neyyattinkara |
| 25 | Mavelikkara |
| 26 | Vellarada |
| 27 | Erattupetta |
| 28 | Thekketheruvu (Fort, TVM) |
| 29 | East Fort (Putherikandam) |

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 112 — 02.07.2010 ൽ മറുപടിക്ക്

## ആർ. ടി. ഓഫീസുകളിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ടി. എൻ. പ്രതാപൻ | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ ആർ. ടി. ഓഫീസുകളിൽ 'ഫാസ്റ്റ് ട്രാക്ക്' സംവിധാനം എന്നുമുതലാണ് ഏർപ്പെടുത്തിയത്; ഈ സംവിധാനത്തിന്റെ പ്രത്യേകത എന്തെല്ലാമാണ്; | (എ) **23.06.2010** മുതൽ ആർ.ടി. ആഫീസുകളിലും സബ് ആർ.ടി. ആഫീസുകളിലും "ഫാസ്റ്റ് ട്രാക്ക്" സംവിധാനം ട്രയൽ അടിസ്ഥാനത്തിൽ ഏർപ്പെടുത്തി. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകളിൽ രണ്ട് കൗണ്ടറുകളും സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകളിൽ ഒരു കൗണ്ടറും ഫാസ്റ്റ് ട്രാക്ക് കൗണ്ടറിനായി വിന്യസിക്കുകയും, ആഫീസിൽ നേരിട്ട് വരുന്ന അപേക്ഷകർക്ക് അര മണിക്കൂറിനുള്ളിൽ ഈ കൗണ്ടറിലൂടെ തെരഞ്ഞെടുത്ത സേവനങ്ങൾ നൽകുകയും ചെയ്യുന്നതാണ്, ഈ സംവിധാനത്തിന്റെ പ്രത്യേകത. ആർ.ടി ആഫീസുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയും സബ് ആർ.ടി ആഫീസുകളിൽ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെയുമാണ് ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകളുടെ പ്രവർത്തനം. |
| (ബി) പ്രസ്തുത സംവിധാനത്തിലൂടെ പൊതുസമൂഹത്തിന് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നത്; | (ബി) ഫാസ്റ്റ് ട്രാക്ക് കൗണ്ടറിലൂടെ നല്കുന്ന സേവനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത സംവിധാനത്തിൽ ഇട നിലക്കാർക്ക് അവസരമൊരുക്കാൻ സാധ്യതയുണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇത്തരത്തിൽ ചില പത്രവാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. തിരിച്ചറിയൽ രേഖയുമായി നേരിട്ട് വരുന്നവർക്ക് മാത്രം ഫാസ്റ്റ്ട്രാക്ക് കൗണ്ടറിൽ കൂടി സേവനം നൽകണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ പദ്ധതി ഇടനിലക്കാരെ ഒഴിവാക്കുവാൻ സഹായിക്കുന്നതാണ്. |
| (ഡി) | കൗണ്ടറിൽ നിന്നും രേഖകൾ നേരിട്ട് വിതരണം ചെയ്യുന്നത് പ്രസ്തുത സംവിധാനത്തിന്റെ പോരായ്മയാണെന്ന പരാതി ഉയർന്നിട്ടുണ്ടോ ; | (ഡി -യും, ഇ -യും)<br>ഈ സംവിധാനം 23.06.2010 ൽ ആരംഭിച്ചതേയുള്ളൂ. നേരിട്ടു ഹാജരാകുന്നവർക്ക് സേവനം താമസം കൂടാതെ നൽകുകയും രേഖകൾ ഉടൻ തന്നെ തിരികെ ലഭിക്കുകയും ചെയ്യുമെന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ഈ സംവിധാനത്തിൽ ഉണ്ടാകുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ പരിഹരിയ്ക്കുന്ന -തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഇ) | എങ്കിൽ പ്രസ്തുത സംവിധാനം കുറ്റമറ്റരീതിയിൽ പ്രാവർത്തികമാക്കുന്നതി -നാവശ്യമായ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | |

## അനുബന്ധം

| | |
|---|---|
| 1. | **Driving Licence:**<br>a. Renewal of Driving Licence<br>b. Change of Address<br>c. Licence Particulars<br>d. Duplicate on surrender of original |
| 2. | **Conductor Licence:**<br>a. Renewal of Conductor Licence<br>b. Change of Address<br>c. Licence Particulars<br>d. Duplicate on surrender of original |
| 3. | **Vehicles:**<br>a. Transfer of Ownership (Non Transport vehicle except Private Service Vehicle for personal purpose)<br>b. Change of Address<br>c. Hypothecation Noting<br>d. Duplicate on surrender of original<br>e. Registration of Certificate Particulars |
| 4. | **Permit:**<br>a. Motor Cab permit<br>b. Auto rickshaw permit renewal |

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 113

2/7/2010-ൽ മറുപടിയ്ക്ക്

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് - മെഡിക്കൽ കോളേജുകളിൽ പ്രവേശനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.കെ.ബാബു:<br>ശ്രീ.എം.എ.വാഹീദ്: | | ശ്രീ. എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) ഈ അദ്ധ്യായന വർഷത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്-മെഡിക്കൽ കോളേജുകളിൽ പ്രവേശനം സംബന്ധിച്ച് അലോട്ട് മെന്റ് വ്യവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | എ) | ഈ അദ്ധ്യയന വർഷത്തിൽ (2010-11) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് 3/6/2010 ലെ ജി.ഒ(എം.എസ്)നം. 110/2010/ ഉവിവ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നാല് അലോട്ട്മെന്റ് വരെ മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. നാലാം അലോട്ട്മെന്റിൽ സീറ്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ അസാധുവായി കണക്കാക്കും. സർക്കാരുമായി കരാറിലേർപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോറിറ്റി സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം 20% സീറ്റുകൾ മൈനോറിറ്റിക്ക് നീക്കവെച്ച സ്ഥാനത്ത് ഈ വർഷം 30% സീറ്റ് ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

(.....2

| | | | |
|---|---|---|---|
| ബി) | ഇതു സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലേയും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലേയും പ്രവേശനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (എം.എസ്)നം. 110/2010/ഉവിവ തീയതി 3/6/2010 ഉം സർക്കാർ ഉത്തരവ് (എം.എസ്) നം.113/2010/ഉവിവ തീയതി 9/6/2010, സർക്കാർ ഉത്തരവ് നം.(ആർ.റ്റി)2431/2010/ ആ.കു.വ തീയതി 19/6/2010 ഉം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | ഈ വർഷം മുതൽ സ്വാശ്രയ സ്ഥാപനങ്ങളിൽ നാല് അലോട്ട്മെന്റുകൾ മാത്രം നൽകിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) | സർക്കാർ ഉത്തരവ് നം.(എം.എസ്) 110/2010/ഉവിവ തീയതി 3/6/2010 പ്രകാരം 2010 ലെ അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ നാല് അലോട്ട്മെന്റായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | നാലാമത്തെ അലോട്ട്മെന്റ് നൽകി കഴിഞ്ഞാൽ അത് റദ്ദ് ചെയ്യാൻ മുമ്പുണ്ടായിരുന്ന അവസരം ഇപ്പോൾ നൽകില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| ഇ) | പുതിയ വ്യവസ്ഥകൾ വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നതിനാൽ ഇതിലെ അപാകതകൾ പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | പുതിയ വ്യവസ്ഥകളെപ്പറ്റിയുള്ള പരാതികളൊന്നും വിദ്യാർത്ഥികളിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 114      02/07/2010-ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. എം. മോനായി:

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ ; | എ) | പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പദ്ധതി.<br>പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടപ്പാക്കുന്ന പഠന വീടുകൾ.<br>കുട്ടികളിൽ ശാസ്ത്രാവബോധവും ശാസ്ത്ര പഠന താല്പര്യവും വളർത്തുന്നതിനായി ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ് പ്രോഗ്രാം<br>വിവിധ വിഷയങ്ങളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം<br>പഠന നിലവാരം നിരന്തരം വിലയിരുത്തുന്നതിനുള്ള ക്വാളിറ്റി ട്രാക്കിംഗ്<br>അധ്യാപക പരിശീലനം.<br>കേരള പാഠ്യപദ്ധതി ചട്ടക്കൂട് അടിസ്ഥാനമാക്കി 1 മുതൽ 9 വരെ ക്ലാസ്സുകളിലെ പാഠപുസ്തകം നവീകരിച്ചു.<br>കുട്ടികളെ കേന്ദ്രീകരിച്ചുള്ള പഠന രീതി സ്വീകരിച്ചുകൊണ്ട് 1 മുതൽ 9 വരെ ക്ലാസ്സുകളിലേയ്ക്ക് അധ്യാപക സഹായികൾ തയാറാക്കി നൽകി.<br>എല്ലാ അധ്യാപകർക്കും സേവനകാല പരിശീലനം ലഭ്യമാക്കുവാൻ വേണ്ട പദ്ധതി തയാറാക്കി നടപ്പാക്കി.<br>സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം നൽകി.<br>അദ്ധ്യാപകർക്ക് നൽകിയ അവധിക്കാല പരിശീലനങ്ങൾ, തുടർ പരിശീലനങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ നടപ്പിലാക്കിയ തീവ്രകർമ്മ പരിപാടികൾ (QEPR), തൽസ്ഥല അദ്ധ്യാപക സഹായങ്ങൾ (OSS) .<br>വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി, |

| | | | |
|---|---|---|---|
| | | | സീമാറ്റ്, എസ്.ഐ.ഇ.റ്റി., എന്നീ വിഭാഗങ്ങൾ ഒരു പൊതു പ്രവർത്തന കലണ്ടർ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കി.<br>വ്യക്തമായ ആസൂത്രണത്തോടെ ക്ലസ്റ്റർതല പരിശീലനങ്ങൾ തുടർച്ചയായി നടപ്പിലാക്കി.<br>ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഡയറ്റ് പ്രിൻസിപ്പൽമാരും ജില്ലാ പ്രോജക്ട് ഓഫീസർമാരും എല്ലാ മാസവും കൂടി ചേർന്ന് ജില്ലകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തു വരുന്നു.<br>ഓരോ മാസത്തേയും പ്രവർത്തനം വിലയിരുത്തി സംസ്ഥാനതല പ്രതിമാസ അവലോകന യോഗങ്ങളിൽ അവതരി പ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല പരിപാടികൾ ക്രമീക രിക്കുന്നു.<br>എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി പഠനം സുഗമമാക്കി.<br>തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ കുട്ടികളുടെ എണ്ണം ബാധകമാക്കാതെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനക്കൂട്ടങ്ങൾ സംഘടിപ്പിച്ചു. രാത്രി കാലങ്ങളിൽ അയൽപക്ക പഠന കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ഈ സ്കൂളുകളിൽ 'ചങ്ങാതി', 'ഒരുക്കം' തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ കണ്ടെത്തി ഉപയോഗപ്പെടുത്തി. ഇതു പോലെയുള്ള പ്രവർത്തന പരിപാടികൾ മറ്റു സ്കൂളുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പി ലാക്കിവരുന്നു. |
| ബി) | കഴിഞ്ഞവർഷം സ്കൂളുകളിൽ എത്ര അദ്ധ്യയന ദിവസങ്ങൾ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | ബി) | 200 അദ്ധ്യയന ദിവസം ലഭ്യമാക്കാനുള്ള മുൻകൂർ ആസൂത്രണം നടത്തിയെങ്കിലും കൃത്യമായി എത്ര പ്രവൃത്തി ദിവസമുണ്ടെന്ന് കണ്ടെത്താനായി ഒരു പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി) | അദ്ധ്യാപക പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സി) | അദ്ധ്യാപക പരിശീലനം കാര്യക്ഷമ മാക്കുന്നതിനു താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സംസ്ഥാനതലത്തിൽ നടത്തിയ അക്കാദമിക പഠനങ്ങൾ വിശകലനം ചെയ്ത് പരിശീലന മേഖലകൾ നിശ്ചയിച്ചു.<br>2. ഓരോ ക്ലാസിലെയും വിഷയത്തി ലെയും പാഠഭാഗങ്ങൾ പരിശോധിച്ച് അധ്യാപകർക്കിനിയും വ്യക്തത വരുത്തേണ്ട കാര്യങ്ങൾ കണ്ടെത്തി.<br>3. സംസ്ഥാനതലത്തിൽ കോർ റിസോഴ്സ് ഗ്രൂപ്പ് കൂടി ഒരു വർഷം അധ്യാപകർക്ക് |

| | | | |
|---|---|---|---|
| | | | വേണ്ട പിന്തുണാമെറ്റീരിയലുകൾ വികസിപ്പിച്ചു.<br>4. ഐ.ടി സഹായത്തോടെയുള്ള അധ്യാപക പരിശീലനത്തിനു വേണ്ട വിഷയാടിസ്ഥാനത്തിലുള്ള സി.ഡി.കൾ സമാഹരിച്ചു.<br>5.എസ്.സി.ഇ.ആർ.ടി. യുടെ സഹകരണത്തോടെ പരിശീലന മാർഗരേഖ തയ്യാറാക്കി.<br>6.വിശദമായ പരിശീലന മോഡ്യൂൾ തയ്യാറാക്കി (ഓരോ വിഷയത്തിനും ഓരോ ക്ലാസിനും- ആദ്യത്തെ മൂന്നു മാസത്തെ പാഠഭാഗങ്ങൾ പരിഗണിച്ച്)<br>7. വിവിധ തലങ്ങളിൽ റിസോഴ്സ് ഗ്രൂപ്പിനെ സജ്ജമാക്കി.<br>8. വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സംസ്ഥാനതല ആസൂത്രണ യോഗം സംഘടിപ്പിച്ചു.<br>9. അധ്യാപക പരിശീലനം മോണിറ്റർ ചെയ്യുന്നതിനു സംവിധാനമൊരുക്കി.<br>10. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രായോഗിക പരിശീലനം ലഭിക്കത്തക്ക വിധവും വ്യക്തത ലഭിക്കത്തക്ക വിധവുമാണ് പരിശീലനം സംഘടിപ്പിച്ചത്.<br>11. വിവിധ ഏജൻസികളുടെ ഏകോപനം, അക്കാദമിക പഠനത്തിന്റെ കണ്ടെത്തലുകളിൽ നിന്നും പരിശീലന ലക്ഷ്യങ്ങൾ കണ്ടെത്തൽ, കൃത്യമായ ക്ലാസ് അടിസ്ഥാനത്തിലുള്ള പ്രകടമായ മാറ്റങ്ങളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണം, റിസോഴ്സ് ഗ്രൂപ്പിന്റെ ശാക്തീകരണം ഇവയൊക്കെ ഈ വർഷത്തെ പരിശീലനം മെച്ചപ്പെടുത്തുന്നതിനു സഹായകമായി.<br>12. അധ്യാപക പരിശീനത്തിനായി ഒരു വർഷത്തെ ശാക്തീകരണ പാക്കേജ് തയ്യാറാക്കി.<br>13. ഏകദിന അധ്യാപക പരിശീലനങ്ങളുടെ പരിമിതികൾ വിലയിരുത്തി തുടർ പരിശീലനങ്ങൾ ദ്വിദിന പരിശീലനങ്ങളാക്കി മാറ്റി.<br>14. പരിശീലനങ്ങൾ തത്സമയ സന്ദർശനം നടത്തി മെച്ചപ്പെടുത്തുവാൻ വേണ്ട ഉപദേശങ്ങൾ നൽകി. തത്സമയ മോണിറ്ററിംഗിൽ എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റി അംഗങ്ങളെക്കൂടി പങ്കാളികളാക്കി.<br>15. അധ്യാപക ശാക്തീകരണ പരിപാടികൾക്ക് ജില്ലാതലത്തിൽ പരിശീലന മോഡ്യൂളുകൾ തയാറാക്കുന്ന രീതി അവലംബിക്കുവാൻ ഡയറ്റുകൾക്ക് നിർദ്ദേശം നൽകി<br>16. അവധിക്കാല പരിശീലനവും തുടർ പരിശീലനങ്ങളും പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും കാര്യക്ഷമമാക്കി. പരിശീലനത്തിനുള്ള മോഡ്യൂൾ എസ്.സി.ഇ. |

| | | | |
|---|---|---|---|
| | | | ആർ.ടി.യുടെ നേതൃത്വത്തിൽ മുൻകൂട്ടി തയ്യാറാക്കി. തുടർന്ന് എസ്.ആർ.ജി, ഡി.ആർ.ജി., പരിശീലനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. |
| ഡി) | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകളിൽ പഠന നിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം സ്കൂൾ തലത്തിൽ പൂർത്തിയായിട്ടുണ്ടോ; | ഡി) | ഉണ്ട്. പഠനത്തിൽ പിന്നോക്കം നിന്ന 104 സ്കൂളുകളുടെ പഠന നിലവാരം ഉയർത്താനുള്ള ജനകീയ പദ്ധതി പിന്നീട് 107 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചു. ഈ സ്കൂളുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകി. ഈ സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ കുട്ടികളുടെ എണ്ണം ബാധകമാക്കാതെ നിയമിച്ചു. പഠന കൂട്ടങ്ങൾ സംഘടിപ്പിച്ചു. രാത്രി കാലങ്ങളിൽ അയൽപക്ക പഠന കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. 'ചങ്ങാതി', 'ഒരുക്കം' എന്നീ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ കണ്ടെത്തി ഉപയോഗപ്പെടുത്തി. ഹൈസ്കൂൾതല മുൾപ്പെടെ എല്ലാ ക്ലാസ്സുകളിലെ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകി. 2007 മാർച്ചിൽ ഈ സ്കൂളുകൾ അഭിമാനകരമായ നേട്ടം കൈവരിച്ചു. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ മികവ് പുലർത്തി.<br>സ്കൂൾതലത്തിൽ പാഠ്യപദ്ധതി പരിഷ്കരണം നടത്തിയിട്ടില്ല. |
| ഇ) | എസ്.എസ്.എൽ.സി. പരീക്ഷയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ എത്ര ശതമാനം കുട്ടികൾ വിജയിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | ഇ) | എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത പഠനത്തിന് അർഹത നേടിയവരുടെ ശതമാനം താഴെ കൊടുക്കുന്നു.<br>2007 മാർച്ച് 82.29%<br>2008 മാർച്ച് 92.09%<br>2009 മാർച്ച് 91.92%<br>2010 മാർച്ച് 90.72% |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 115

02.07.2010-ൽ മറുപടിക്ക്

## മോട്ടോർ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സാജു പോൾ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പ് മന്ത്രി |
| എ) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | ഫാസ്റ്റ് പദ്ധതി പ്രകാരം എല്ലാ ഓഫീസുകളും കമ്പ്യൂട്ടർ വത്കരിച്ചു. അപേക്ഷയുടെ തത്സ്ഥിതി, ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയുടെ വിവരങ്ങളും വെബ് സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത ചില സർവ്വീസുകളുടെ വിവരങ്ങൾ എസ്.എം.എസിലൂടെയും നൽകുന്നുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തി. സേവനങ്ങൾക്കുള്ള ഫീസും വാഹന നികുതിയും അടയ്ക്കുന്നതിന് ഇ-പെയ്മെന്റ് സംവിധാനം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത സേവനങ്ങൾക്ക് ഫാസ്റ്റ് ട്രാക്ക് കൗണ്ടർ ഏർപ്പെടുത്തിയിട്ടുണ്ട്. എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനും ചേവായൂരിൽ ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് നിർമ്മിക്കുന്നതിനുമുള്ള നടപടി പുരോഗമിക്കുന്നു. |
| ബി) | ആർ.ടി. ഓഫീസുകളിൽ അതിവേഗ കൗണ്ടർ സംവിധാനം ഏർപ്പെടുത്തുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ; | ബി) | അതിവേഗകൗണ്ടർ സംവിധാനത്തിലൂടെ സേവനങ്ങൾക്ക് വേഗതയും സുതാര്യതയും കൈവരും. കാര്യക്ഷമത വർദ്ധിക്കും. ഇടനിലക്കാരെ ഒഴിവാക്കാൻ കഴിയും. |

| | | | |
|---|---|---|---|
| സി) | ആർ.ടി. ഓഫീസ് സേവനങ്ങൾക്ക് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | സി) | ഇ-പേയ്മെന്റ് സംവിധാനം ആരംഭിച്ചിട്ടില്ല. പ്രാരംഭമായി വകുപ്പിന്റെ വെബ് സൈററിന്റെ സുരക്ഷാ പരിശോധനക്ക് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എസ്.ടി.ക്യു.സി. സർവ്വീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ നിയമഭേദഗതികൾക്ക് നടപടി ആരംഭിച്ചിട്ടുണ്ട്. |
| ഡി) | ആർ.ടി. ഓഫീസുകളിൽ വിവിധ സേവനങ്ങൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർ വത്കരണം, ഇ-പേയ്മെന്റ് സംവിധാനം, ഓൺലൈൻ അപേക്ഷ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ തുടങ്ങിയവ ഇതിനുവേണ്ടി ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *116 02.07.2010 ൽ മറുപടിക്ക്

## മലയാള ഭാഷയ്ക്ക് ക്ലാസ്സിക് പദവി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. ഷുക്കൂർ.<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ. | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) മലയാള ഭാഷയ്ക്ക് ക്ലാസ്സിക് പദവി ലഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി ലഭിക്കുന്നതിനെ സംബന്ധിച്ച് ബഹു: മുഖ്യമന്ത്രി ചെയർമാനും, ബഹു: വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രി കൺവീനറുമായി, ഭാഷാ വിദഗ്ദ്ധരും, സാഹിത്യകാരന്മാരും അടങ്ങുന്ന ഒരു ഉപദേശക സമിതിയും പ്രവർത്തക സമിതിയും രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തക സമിതി 29-04-2010-ൽ യോഗം ചേരുകയുണ്ടായി. 2010 മെയ് 5-ന് ബഹു: കേരള മുഖ്യമന്ത്രി, ശ്രീ. ഒ.എൻ.വി. കുറുപ്പ്, ശ്രീമതി. സുഗതകുമാരി, ശ്രീ. പുതുശ്ശേരി രാമചന്ദ്രൻ, ശ്രീ. ഓംചേരി, ശ്രീ. സച്ചിദാനന്ദൻ, ശ്രീ. പുരുഷൻ കടലുണ്ടി എന്നിവരുടെ നേതൃത്വത്തിൽ ബഹു: പ്രധാനമന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചു. |
| ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | ബി) ഇല്ല. |
| സി) മലയാള ഭാഷയുടെ പഴക്കം സംബന്ധിച്ച രേഖകൾ സംഘടിപ്പിക്കുന്നതിനും ഇതു സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തുന്നതിനും പ്രത്യേക സമിതിയെ നിയമിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റി ഇതു സംബന്ധിച്ച് എന്തൊക്കെ പഠന റിപ്പോർട്ടുകളാണ് സർക്കാരിന് സമർപ്പിച്ചത്? | ഡി) റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ
15-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 117 2-7-2010-ലെ മറുപടിക്ക്

## കെ.എസ്.ആർ. ടി.സി. ബസ്സുകളുടെ ഇന്ധന ക്ഷമത

ചോദ്യം

ശ്രീ. പി.ടി.എ.റഹീം.
ശ്രീ. കെ.കെ.ദിവാകരൻ.
ശ്രീ. എം.എം. മോനായി.
ശ്രീ. പി.വിശ്വൻ.

ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധന ക്ഷമത മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ ഇന്ധനക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2008 ജനുവരിയിൽ നാലു സോണുകളായി തിരിച്ച് ഫ്യൂവൽ സെൽ രൂപവൽക്കരിച്ചു.. പ്രസ്തുത ഫ്യൂവൽ സെല്ലിൽ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ഹാബിറ്റ് സർവ്വീസിനിടയിൽ പരിശോധിക്കാനും അതിലുള്ള അപാകതകൾ സർവ്വീസ് തീരുമ്പോൾ തന്നെ ബോധവൽക്കരിക്കാനും മേൽ ട്രെയിനിംഗ് നൽകേണ്ടതാണെങ്കിൽ ആയതിലേയ്ക്ക് നിർദ്ദേശിക്കാനുമായി ഫ്യൂവൽ സെൽ നടപടിയെടുക്കുന്നതാണ്.<br><br>അതുപോലെ മെക്കാനിക്കൽ ജോലികളുടെ ഗുണനിലവാരം പരിശോധിച്ച് ഡീസൽ ചെലവ് കുറയ്ക്കുന്നതിലേക്ക് മെക്കാനിക്കൽ ജീവനക്കാരെ നിയോഗിക്കുകയും അവരുടെ അവലോകന റിപ്പോർട്ട് പ്രകാരം ഡിപ്പോ തലത്തിൽ സ്വീകരിക്കേണ്ട മുൻ കരുതലുകൾ നടപ്പിലാക്കുകയും , ഡീസൽ ചെലവ് കുറയ്ക്കുന്നതിനാവശ്യമായ മേജർ ഓവർ ഹാളിംഗ് സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുകയും ചെയ്തു.<br><br>പുതിയതായി നിയമിച്ച ഡ്രൈവർമാർക്കെല്ലാം ഡ്രൈവിംഗ് പരിശീലനത്തോടൊപ്പം മെക്കാനിക്കൽ സംബന്ധമായതും, ഡീസൽ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് ഉതകുന്ന തരത്തിൽ ഡിഫൻസീവ് ഡ്രൈവിംഗിന്റെ വിവിധ വശങ്ങളെപ്പറ്റിയും , അങ്ങനെ വാഹനം ഓടിക്കുമ്പോൾ ഡ്രൈവർമാർക്ക് ഉണ്ടാകുന്ന പ്രയോജനങ്ങളെപ്പറ്റി വിശദമായും, അതിലൂടെ പ്രസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെപ്പറ്റി വിശദമായ കണക്കുകൾ ഉദ്ധരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടപ്പിലാക്കിയിട്ടുള്ളതുമാണ്.<br><br>ഡ്രൈവർമാർ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ട സഹായ സഹകരണങ്ങൾ ഏതൊക്കെ തരത്തിൽ നൽകണം എന്നുള്ള വിശദമായ നിർദ്ദേശങ്ങൾ എല്ലാ കണ്ടക്ടർമാർക്കും ക്ലാസുകളിലൂടെ നൽകുകയുണ്ടായി.<br><br>ട്രെയിനിംഗ് നൽകുന്ന ഡ്രൈവർമാരുടെയും, ബസ്സുകളുടെയും പ്രവർത്തന നിലവാരം തുടർന്നും നിരീക്ഷിക്കുകയും തുടർന്ന് നടപടികളും, അവലോകനങ്ങളും നടത്തി വരുന്നു.<br><br>ഡിപ്പോ തലത്തിൽ ഇന്ധന ക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് ഓഫീസർ ,ഡിപ്പോ എൻജിനീയർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ, വെഹിക്കിൾ സൂപ്പർ വൈസർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തന |

| | | | |
|---|---|---|---|
| | | | മികവില്ലാത്ത ജീവനക്കാർക്ക് കൗൺസിലിംഗ് നൽകുകയും, തുടർ പ്രവർത്തനം നിരീക്ഷിക്കുകയും, പ്രവർത്തന മികവ് കാണിക്കാത്തവർക്ക് തുടർ പരിശീലനം നൽകുന്നതിനായി ചീഫ് ഓഫീസിലെ മെക്കാനിക്കൽ എൻജിനീയർക്ക് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വാഹനങ്ങളുടെ എൻജിൻ ആർ.പി.എം. നിജപ്പെടുത്തി തൻമൂലം താഴ്ന്ന ഗിയറുകളിൽ ദുരുപയോഗം ചെയ്തുകൊണ്ടിരുന്ന ഡീസൽ നിയന്ത്രിക്കാൻ സാധിച്ചു. സംസ്ഥാന വ്യാപകമായി ഓരോ ഷെഡ്യൂളിനും ടാർജറ്റ് ഡീസൽ നിർണ്ണയിച്ച് നൽകുകയും അവലോകനം ചെയ്ത് ടാർജറ്റ് ഡീസലിൽ എത്തിച്ചേരുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ചീഫ് ഓഫീസ് തലത്തിൽ മാസത്തിൽ ഓരോ ഡിപ്പോയുടേയും കെ.എം.പി.എൽ.അവലോകനം ചെയ്യുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഡിപ്പോ അധികാരികളുമായി കൂടിയാലോചിച്ച് മേൽ നടപടി സ്വീകരിച്ചു വരുന്നു.<br><br>സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ പുതിയ വാഹനങ്ങളുടെ ഫ്യൂവൽ സംബന്ധമായ ട്രെയിനിംഗുകൾ മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് സമയബന്ധിതമായി നൽകി വരുന്നു.<br><br>2008 ജനുവരിയിൽ കെ.എം.പി.എൽ 4.10 ആയിരുന്നത് പ്രവർത്തന ഫലമായി 4.27 വരെ എത്തിക്കാൻ സാധിച്ചു. തൻമൂലം 3,59,281 ലിറ്റർ ഡീസൽ പ്രതിമാസം ലാഭിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിയുന്നുണ്ട്. |
| (ബി) | ഇപ്പോഴത്തെ ഇന്ധന ക്ഷമത എത്രയാണ്; | (ബി) | KMPL 4.27 |
| (സി) | ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും പരിശീലനം നൽകുന്നുണ്ടോ എങ്കിൽ വിശദാംശം നൽകുമോ; | (സി) | ഉണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും , കണ്ടക്ടർമാർക്കും പരിശീലനം നൽകുന്നുണ്ട്.<br><br>ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, അപകടങ്ങൾ കുറയ്ക്കുന്നതിനും വേണ്ടി സെയ്ഫ് ആന്റ് ഫ്യൂവൽ എഫിഷ്യന്റ് ഡ്രൈവിംഗ് ഹാബിറ്റ് എന്ന പേരിൽ ഒരു തീവ്രപരിശീലന പരിപാടി 2007 ഫെബ്രുവരി മാസത്തിൽ തുടങ്ങുകയും കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ഡ്രൈവർമാർക്കും പരിശീലനം നൽകുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും, അപകടരഹിത ഡ്രൈവിംഗ് രീതികളും ഉൾക്കൊള്ളുന്ന ഒരു ഹാൻഡ് ബുക്ക് പുറത്തിറക്കുകയും ചെയ്തു. പരിശീലന വേളയിൽ ഇത് എല്ലാ ഡ്രൈവർമാർക്കും നൽകി വരുന്നു. പരിശീലനം നൽകിയതുമൂലം 2005 ൽ 3.84 കി.മീറ്റർ ആയിരുന്ന ഇന്ധന ക്ഷമത 4.27 കി.മീറ്ററായി ഉയർത്തുവാൻ സാധിച്ചു. തുടർന്നും ഇത്തരത്തിലുള്ള പരിശീലനം നൽകി വരുന്നു.<br><br>മെച്ചപ്പെട്ട ഇന്ധന ക്ഷമത കൈവരിച്ചതിന് 2008-09,2009-10 വർഷങ്ങളിൽ കേരളാ സ്റ്റേറ്റ് ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ പുരസ്കാരങ്ങൾ കെ.എസ്.ആർ.ടി.സി. ക്ക് ലഭിച്ചു.<br><br>പുതിയതായി നിയമിക്കപ്പെടുന്ന |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും പരിശീലനം നൽകിയ ശേഷമാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. പി.എസ്.സി. വഴിയും താൽക്കാലികമായും നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും രണ്ടു ദിവസത്തെ പ്രായോഗിക പരിശീലനം ഉൾപ്പടെ നാല് ദിവസത്തെ പരിശീലനമാണ് നൽകുന്നത്. ഇതിൽ ഇന്ധന ക്ഷമത എങ്ങനെ വർദ്ധിപ്പിക്കാമെന്നുള്ളതും, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മാർഗ്ഗങ്ങളും പൊതുജനങ്ങളോടുള്ള നല്ല പെരുമാറ്റ രീതികളുമാണ് പാഠ്യ പദ്ധതിയിലെ മുഖ്യ വിഷയങ്ങൾ.<br><br>കെ.എസ്.ആർ.ടി.സിയിലെ മുഴുവൻ കണ്ടക്ടർമാർക്കും ഇത്തരത്തിലുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷന്റെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഡ്രൈവർ ട്രെയിനിംഗ് പ്രോഗ്രാം കെ.എസ്.ആർ.ടി.സിയിലെ ഡ്രൈവർമാർക്ക് കേരളത്തിലെ വിവിധ സെന്ററുകളിൽ വച്ച് നടത്തി വരുന്നു. കൂടാതെ കെ.എസ്.ആർ.ടിസി.യിലെ ഫ്യൂവൽസെൽ എന്ന വിഭാഗം സംസ്ഥാനമൊട്ടാകെയുള്ള ഡിപ്പോകളിൽ ഡ്രൈവർമാർക്കും, മെക്കാനിക്കുകൾക്കും പ്രായോഗിക പരിശീലനം ഉൾപ്പടെയുള്ള ക്ലാസുകൾ നടത്തി വരുന്നു.<br><br>ഇന്ധന ക്ഷമതയെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ജീവനക്കാരെ നിരീക്ഷിക്കുന്ന ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകളിൽ കറക്ടീവ് ട്രെയിനിംഗിനായി അയച്ച് |

| | | | |
|---|---|---|---|
| | | | മതിയായ പരിശീലനം നൽകുന്നുണ്ട്. |
| (ഡി) | ബസ്സുകളിൽ ഡീസലിന് പകരം പ്രകൃതി വാതകം ( സി.എൻ.ജി.) ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രകൃതി വാതകം ഉപയോഗിക്കുന്നതു കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ഡി) | ഉണ്ട്.<br>1. ഇന്ധന ക്ഷമത വർദ്ധിക്കും.<br>2. കെ.എസ്.ആർ.ടി.സി. യുടെ ഇപ്പോഴത്തെ ഇന്ധനം വാങ്ങുന്നതിനുള്ള ചെലവിൽ 45 % കുറവ് വരും. (ഇന്നത്തെ വിലയിൽ.)<br>3. അന്തരീക്ഷ മലിനീകരണം കുറയും.<br>4. സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ബസ്സുകൾക്ക് അറ്റകുറ്റ പണികൾ കുറവായിരിക്കുകയും അതിലൂടെ ഇത്തരത്തിലുള്ള ചെലവ് കുറയ്ക്കുകയും ചെയ്യും. |
| (ഇ) | സി.എൻ.ജി. ഉപയേഗിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ വികസന പ്രവർത്തനങ്ങൾ കാലേകൂട്ടി ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ? | (ഇ) | ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br>കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>2012-13 കാലയളവിൽ കേരളത്തിലും സി.എൻ.ജി. ലഭ്യമാകുമ്പോൾ അത് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.വാഹനങ്ങൾ ഓടിക്കുന്നതിലേക്ക് ആവശ്യമായ CNG യുടെ അളവും അവയുടെ ഉപഭോഗതോതും മറ്റു വിവരങ്ങളും GAIL നെയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനേയും KSRTC മുഖേന അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 118 2.072010 ൽ മറുപടിക്ക്

### സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. രാഘവൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ആർ. സെൽവരാജ്. | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

എ) സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1.പ്രേരകരുടെ ഓണറേറിയം കുടിശ്ശികയില്ലാതെ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചുവരുന്നു.

2.സാക്ഷരതാമിഷന്റെ സംസ്ഥാന സർക്കാർ ധനസഹായം അനുക്രമമായി വർദ്ധിച്ചുവരുന്നു. കേന്ദ്രഗവൺമെന്റിൽ നിന്നും ധനസഹായം ലഭിച്ചുവന്നത് 31.03.09 ന് അവസാനിപ്പിച്ച സാഹചര്യത്തിൽ, ഈ പദ്ധതി സ്വന്തം നിലയിൽ സംസ്ഥാനത്ത് തുടരുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ ലക്ഷ്യത്തോടെ അനൗപചാരിക വിദ്യാഭ്യാസനയം പ്രഖ്യാപിച്ചുകൊണ്ട് ലീപ് കേരള മിഷൻ എന്ന പേരിൽ ആജീവന തുടർവിദ്യാഭ്യാസ പരിപാടിക്ക് മൂർത്തരൂപം നൽകിയിട്ടുണ്ട്.

—

| | | | |
|---|---|---|---|
| ബി) | മിഷൻ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? | ബി) | 1. സാക്ഷരതാപ്രവർത്തനം<br>2. തുല്യത 4, 7, 10 പരീക്ഷകൾ<br>3. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി<br>4. തൊഴിൽ പരിശീലനങ്ങൾ<br>5. ബോധവൽക്കരണ പരിപാടികൾ |
| സി) | അനൗപചാരിക വിദ്യാഭ്യാസത്തിനായി പത്താം പദ്ധതിയിൽ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു; പതിനൊന്നാം പദ്ധതിയിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) | 10 - ാം പദ്ധതിയിൽ കേന്ദ്രം 107102997 രൂപ വകയിരുത്തുകയും കേരളത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 11 -ാം പദ്ധതിയിൽ തുടർവിദ്യാഭ്യാസ പദ്ധതികൾക്കായി കേരളത്തിന് തുക അനുവദിച്ചിട്ടില്ല. |
| ഡി) | സമ്പൂർണ്ണ സാക്ഷരത നേടിയതിന്റെ ഫലമായി കേരളത്തിന് അനൗപചാരിക വിദ്യാഭ്യാസത്തിനായി യാതൊരു സഹായവും നൽകേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ? | ഡി) | ഉണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച 'സാക്ഷർഭാരത്' പദ്ധതി 50% ൽ താഴെ സ്ത്രീ സാക്ഷരതയുള്ള ജില്ലകൾക്കു മാത്രമായിട്ടുള്ളതാണ്. കേരളത്തിലെ 14 ജില്ലകളിലെ പൊതു സാക്ഷരതയും സ്ത്രീ സാക്ഷരതയും ഉയർന്ന നിലവാരത്തിലായതിനാൽ കേരളത്തിന് യാതൊരു കേന്ദ്ര ധനസഹായവും ലഭിക്കുന്നില്ല. |
| ഇ) | എങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഇ) | തുടർവിദ്യാഭ്യാസത്തിനായി സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കി നൽകി. ഇതിൽ താരതമ്യേന സ്ത്രീ സാക്ഷരതാ ശതമാനം കുറഞ്ഞ പ്രദേശങ്ങൾക്കായി പ്രത്യേക പരിപാടികളും നിർദ്ദേശിച്ചിരുന്നു. കേരളത്തിന്റെ മാത്രം മാതൃകയായി വികസിപ്പിച്ചെടുത്ത തുല്യതാ 4,7,10 പരിപാടികൾക്കായി പ്രത്യേകം പ്രോജക്ടും തയ്യാറാക്കി നൽകി. |
| എഫ്) | തുടർ സാക്ഷരതാ പ്രവർത്തനവുമായി ബന്ധപ്പെട്ട എത്ര സാക്ഷരതാ പ്രേരക്മാർ പ്രവർത്തിക്കുന്നു. എന്ന് വെളിപ്പെടുത്തുക. | എഫ്) | 3194 |
| ജി) | ഇവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്? | ജി) | തുടർ വിദ്യാകേന്ദ്രം പ്രേരകിന് 900 രൂപയും അസിസ്റ്റന്റ് പ്രേരകിന് 700/- രൂപയും വികസന വിദ്യാകേന്ദ്രം പ്രേരകിന് 1400/- രൂപയും |

അസിസ്റ്റന്റ് പ്രേരകിന് 900/- രൂപയുമാണ് ഇപ്പോൾ പ്രതിമാസം ലഭിക്കുന്ന ഓണറേറിയം.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ വിഭാഗം പ്രേരകർക്കും നിലവിലുള്ള ഓണറേറിയത്തിൽ 200 രൂപവീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2008 ഓഗസ്റ്റ് മുതലാണ് ഈ വർദ്ധനവ് വരുത്തിയത്. പ്രതിമാസ യാത്രാപടിയായി ഇതൊടൊപ്പം 100 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

വികസനവിദ്യാകേന്ദ്രം പ്രേരകർക്ക് 500/- രൂപവരെ യാത്രക്ക് അനുസരിച്ച് യാത്രാപടി നൽകി വരുന്നു.

2007 മുതൽ, കഴിഞ്ഞ മൂന്നുവർഷങ്ങളിലും ഓണക്കാലത്ത് ഒരു മാസത്തെ ഓണറേറിയം ഉത്സവബത്തയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ മുഴുവൻ പ്രേരകർക്കും, ജീവനക്കാർക്കും അവരിൽ നിന്നും ഒരു വിഹിതവും വാങ്ങാതെ ഗ്രൂപ്പ് ഇൻഷറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 119 02.07.2010-ൽ മറുപടിക്ക്

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി.എൻ.വാസവൻ<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. എം.ചന്ദ്രൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) പരീക്ഷാ വിജയശതമാനം കൂട്ടുന്നതിലേയ്ക്കായി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് റെമഡിയൽ കോച്ചിംഗ് എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലൊരു വർഷത്തെ ഹയർ സെക്കണ്ടറി പരീക്ഷയിൽ താഴ്ന്ന നിലവാരമുള്ള സർക്കാർ സ്കൂളുകളെ തെരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ അക്കാദമിക് വർഷത്തിൽ ഇപ്രകാരം 40-ൽ താഴെ വിജയശതമാനമുള്ള 100 ഹയർ സെക്കണ്ടറി സ്കൂളുകളെ തെരഞ്ഞെടുത്തു. പത്ത് ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി അനുവദിക്കുകയുണ്ടായി.<br><br>പ്രവേശന നടപടികൾ സുതാര്യമാക്കുന്നതിന് ഏകജാലക സമ്പ്രദായം നടപ്പിലാക്കി. ഈ സമ്പ്രദായത്തിലൂടെ സർക്കാർ സ്കൂളുകളിലെ മുഴുവൻ സീറ്റുകളിലേക്കും എയ്ഡഡ് സ്കൂളുകളിലെ മെരിറ്റ് സീറ്റുകളിലേക്കും പ്രവേശനം നൽകിവരുന്നു. സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും വിഷയാധിഷ്ഠിതവും, പെഡഗോജി, മനശാസ്ത്രം മുതലായ അനുബന്ധ വിഷയങ്ങളിലും നാലു ദിവസത്തെ അദ്ധ്യാപക പരിശീലനം എല്ലാ വർഷവും നൽകിവരുന്നു. പഠനത്തിന് മികവ് പുലർത്തുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ 9,000 കുട്ടികൾക്ക് പ്രതിവർഷം 5000/- രൂപ വീതം സ്കോളർഷിപ്പ് നൽകി വരുന്നു. |

ബി) ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ;

ബി) ഈ അദ്ധ്യയന വർഷം താഴെപ്പറയും വിധം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഹയർ സെക്കന്ററി;**

എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തിക -36 എണ്ണം
എച്ച്.എസ്.എസ്.റ്റി -13 എണ്ണം
പ്രിൻസിപ്പൽ - 3 എണ്ണം
എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തിക എച്ച്.എസ്.എസ്.റ്റി ആയി ഉയർത്തിയത് 12 എണ്ണം

**വൊക്കേഷണൽ ഹയർ സെക്കന്ററി;**
തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

സി) ഗ്രാമ പ്രദേശങ്ങളിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ;

സി) നബാർഡ് പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി ഗ്രാമപ്രദേശങ്ങളിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ 78 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ലബോറട്ടറി/ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച 50 ലക്ഷം രൂപാ വീതമുള്ള ധനസഹായം, ലബോറട്ടറി ഉപകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടർ മുതലായവ വാങ്ങി നൽകൽ എന്നീ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളും ഗ്രാമപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നവയാണ്. നടപ്പു സാമ്പത്തിക വർഷം പദ്ധതിവിഹിതമായി 686 ലക്ഷം രൂപ സ്കൂളുകളിലെ അടിസ്ഥാന സൗകര്യത്തിനായി അനുവദിച്ചിട്ടുണ്ട് (ടോയ്‌ലറ്റ്, കുടിവെള്ള വിതരണം). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിലും ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകൾക്കാണ് മുൻഗണന നൽകുന്നത്

ഡി) ഈ വർഷം ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഡി) ഈ വർഷം തൃശ്ശൂർ ജില്ല ഉൾപ്പെടെ മലബാർ മേഖലയിലെ ഏഴു ജില്ലകളിലും ഇടുക്കി തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലയിലും പുതിയ ഹയർ സെക്കന്ററി ബാച്ചുകളും സ്കൂളുകളും അനുവദിക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. കൂടാതെ, അപേക്ഷിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് എല്ലാ ബാച്ചുകളിലും അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 120 02.07.2010-ൽ മറുപടിക്ക്

## സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>" കെ.വി.അബ്ദുൾ ഖാദർ<br>" വി.ചെന്താമരാക്ഷൻ<br>" പി. വിശ്വൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 18/1/96 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 14/96/പൊ.വി. പ്രകാരം സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. സർവ്വ ശിക്ഷാ അഭിയാൻ മുഖാന്തിരം സ്കൂളുകളിൽ ഫയർ ആന്റ് സേഫ്റ്റി സംവിധാനം നടപ്പിലാക്കി വരുന്നു. എയ്ഡഡ് സ്കൂളുകളിൽ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് സ്കൂൾ മാനേജർമാരുടെ ബാധ്യതയാണ്. |

| | | | |
|---|---|---|---|
| (ബി) | എല്ലാ സ്കൂളുകളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരാണ് സ്കൂളുകൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. യഥാസമയം, കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകളെ പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല . |
| (സി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | |
| (ഡി) | സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (ഡി) | കെ.ഇ.ആർ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാരെ ഇക്കാര്യത്തിൽ ചുമതലപ്പെടുത്തുന്ന വ്യവസ്ഥകൾ നിലവിലുണ്ട്. |
| (ഇ) | സ്കൂളുകളിലെ ടോയ്ലെറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിച്ചുവരുന്നു. |

L. Layalakshmi

സെക്ഷൻ ഓഫീസർ